## അടിയന്തര പ്രമേയം

മി. സ്പീക്കർ: ഡീസലിന്റെയും പെട്രോളിന്റെയും മണ്ണെണ്ണയുടേയും പാചകവാതകത്തിന്റെയും വിലകൂട്ടാൻ എണ്ണകമ്പനികൾക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയതോടെ ഇവ ഓരോന്നിന്റെയും അടിക്കടിയുണ്ടാകുന്ന വിലവർദ്ധനയോടൊപ്പം പലവ്യഞ്ജനങ്ങൾ, പച്ചക്കറികൾ, ഹോട്ടൽ ഭക്ഷണം, ജീവൻരക്ഷാ മരുന്നുകൾ തുടങ്ങിയ എല്ലാ നിത്യോപയോഗ സാധനങ്ങളുടെയും വില കുതിച്ചുയർന്നിരിക്കുന്നതിനാൽ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും കൂടുകയും ഭക്ഷ്യ വിലക്കയറ്റം ഉണ്ടാവുകയും ചെയ്തിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. സി. ദിവാകരൻ, ഇ.പി. ജയരാജൻ, ജോസ് തെറ്റയിൽ, കോവൂർ കുഞ്ഞുമോൻ, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

### നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ്

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, നമുക്ക് അറിവുള്ളതു പോലെ കേരളം ഒരു കൺസ്യൂമർ സ്റ്റേറ്റാണ്. അതുകൊണ്ട് തന്നെ കാലാവസ്ഥാ വ്യതിയാനം പെട്രോളിയം ഉത്പന്നങ്ങളുടെ വില വർദ്ധനവ് തുടങ്ങിയ പല വിഷയങ്ങൾ കാരണം സ്വാഭാവികമായും മാർക്കറ്റിൽ അഡ്വേഴ്സ് ഇഫക്ട് ഉണ്ടാകും. മറ്റ് സംസ്ഥാനങ്ങളിലുണ്ടാകുന്ന രാഷ്ട്രീയ കാലാവസ്ഥ പോലും നമ്മുടെ മാർക്കറ്റിൽ വിപരീത ഫലമുണ്ടാക്കുന്ന സാഹചര്യമുണ്ട്. കേരളം പൂർണ്ണമായും ഒരു കൺസ്യൂമർ സ്റ്റേറ്റായി മാറുന്നു എന്ന യാഥാർത്ഥ്യം പലപ്പോഴും നമ്മൾ വിസ്മരിക്കുകയാണ്. കേരളത്തിന്

ആവശ്യമുള്ള ഭക്ഷ്യധാന്യങ്ങളുടെ 15 ശതമാനത്തിൽ താഴെ മാത്രമാണ് കേരളത്തിൽ ഉത്പ്പാദിപ്പിക്കുന്നത്. ഇതൊക്കെയാണെങ്കിലും കേരളത്തിന്റെ വിലനിലവാരം പിടിച്ചു നിർത്തുവാൻ, നിയന്ത്രണവിധേയമാക്കുവാൻ പൊതുവിതരണ വകുപ്പ്, സർക്കാരിന്റെ വിവിധ ഏജൻസികൾ ഇവ കൃത്യത യോടെയുള്ള ഇടപെടൽ ഇന്ന് വിപണിയിൽ നടത്തുന്നുണ്ട്. അത് ഇല്ലായിരു ന്നുവെങ്കിൽ എന്താകുമായിരുന്നു ഇന്ന് കേരളത്തിലെ വിപണി വിലയെന്ന് ഈ സഭ ചിന്തിക്കണം. കേരളത്തിൽ ശക്തമായ നിലയിൽ ഒരു പൊതുവിത രണ സമ്പ്രദായമുള്ളതുകൊണ്ടാണ് ഒരു കൺസ്യൂമർ സ്റ്റേറ്റായ കേരളത്തിൽ വിലനിലവാരം പിടിച്ചു നിർത്തുവാൻ കഴിയുന്നതെന്ന് നിസ്സംശയം പറയു വാൻ കഴിയും. അരിയുടെ വില പരിശോധിച്ചാൽ കഴിഞ്ഞ ആഗസ്റ്റ് മാസം മുതൽ ഇന്നു വരെ അരിയുടെ വില വർദ്ധിച്ചിട്ടില്ല.........(ബഹളം).......... അരിയുടെ വില നിയന്ത്രണ വിധേയമായാണ് നിൽക്കു ന്നത്.........(ബഹളം).......... കഴിഞ്ഞ ദിവസങ്ങളിൽ ജയ അരിയുടെ വിലയിൽ നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. രണ്ട് രൂപയുടെ വർദ്ധനവ് ജയ അരിയുടെ കാര്യത്തിലുണ്ടായിട്ടുണ്ട്. മറ്റ് ഒരിനങ്ങളുടെയും വില വർദ്ധിച്ചിട്ടില്ല 2013 ജനു വരി മാസത്തിൽ 36 രൂപയുണ്ടായിരുന്ന മട്ട അരിയുടെ വില 2014 ഇന്നേ ദിവസം 31 രൂപയായി കുറഞ്ഞിട്ടുണ്ട്. ഏതാണ്ട് പത്ത് ശതമാനത്തിൽപ്പരം വിലക്കുറവ് മട്ട അരിക്കു മാത്രം ഉണ്ടായിട്ടുണ്ട്. അരിയുടെ വില നിയന്ത്രണ വിധേയമായി നിൽക്കുന്ന സാഹചര്യമാണ് ഇന്നുള്ളത്. പച്ചക്കറികളുടെ വിലയും നിയന്ത്രണ വിധേയമായി തന്നെ നിൽക്കുന്നു. 30 ശതമാനം വരെ വിലക്കുറവിൽ ഹോർട്ടികോർപ്പ് പച്ചക്കറികൾ വിപണിയിൽ എത്തിക്കുന്നു ണ്ട്. പൊതുവിപണിയിൽ ഉത്സവകാലങ്ങളിലാണ് ഉപഭോക്താക്കളെ ഏറ്റവും

കൂടുതൽ ചൂഷണം ചെയ്യുന്നത്. കഴിഞ്ഞ രണ്ട് വർഷം പരിശോധിച്ചാൽ ഉത്സവ കാലങ്ങളിൽ വളരെ കൃത്യമായ ഇടപെടലാണ് ഗവൺമെന്റിന്റെ വിവിധ ഏജൻസികൾ നടത്തുന്നത്. സപ്ലൈകോ മുൻപൊക്കെ പേരിനുമാത്രം നടത്തിക്കൊണ്ടിരുന്ന ഫെയറുകളൊക്കെ........... ഫെയർ ഉണ്ടെന്ന് ജനങ്ങൾക്ക് മനസ്സിലാകുന്ന തരത്തിൽ ഒന്നര മാസം വരെ നടത്തി. ഒരു ഉദാഹരണം ഞാൻ പറയാം. ഓണത്തിന് ഫെയർ നിങ്ങളുടെ നിയോജക മണ്ഡലങ്ങളിലും താലൂക്കുകളിലുമൊക്കെ വന്നിട്ടുണ്ട്. ഒന്നര മാസം വരെ നീണ്ടു നിൽക്കുന്ന ഓണം ഫെയറുകളാണ് 2011, 2012, 2013 കാലയളവിൽ നമ്മൾ നടത്തിയത്. .........(ബഹളം)..........എല്ലാ സാധനങ്ങൾക്കും.........(ബഹളം)..........

മി. സ്പീക്കർ: മിനിസ്റ്റർക്ക് മറുപടി പറയണ്ടേ...... അതെങ്ങനെയാണ്......

ശ്രീ. അനൂപ് ജേക്കബ്: എല്ലാ സാധനങ്ങളും ലഭ്യമാക്കുന്നതിനുള്ള സാഹചര്യമൊരുക്കി. മുൻപ് പത്തും പതിനഞ്ച് ദിവസം വരെ നടത്തിയിരുന്ന ഫെയറുകളാണ് ഒന്നര മാസം വരെ നീട്ടിയത്. അത് ജില്ലാ തലങ്ങളിലും താലൂക്ക് തലങ്ങളിലും വളരെ ഫലപ്രദമായിരുന്നു. അതിന്റെയൊക്കെ ഫലമായാണ് ജനങ്ങളെ ചൂഷണത്തിൽ നിന്ന് രക്ഷിക്കുവാൻ കഴിഞ്ഞത്. ക്രിസ്തുമസ്സിനും വിഭിന്നമായിരുന്നില്ല. ഓണത്തിന് കൂടുതൽ അരി സ്കൂൾ കുട്ടികൾക്കും, ആദിവാസി മേഖലയിലും നൽകി. കൂടാതെ സ്പെഷ്യൽ പഞ്ചസാര ഓണത്തിന് ലഭ്യമാക്കുവാനുള്ള സാഹചര്യമൊരുക്കി. ഇതെല്ലാം വളരെ കൃത്യതയോടുകൂടി നടപ്പാക്കിയ ഒരു സാഹചര്യമാണ് ഇന്ന് കേരളത്തിലുള്ളത്. .........(ബഹളം)..........

മി. സ്പീക്കർ: നിങ്ങൾ അടിയന്തര പ്രമേയ നോട്ടീസ് കൊടുത്തിട്ടുണ്ട്. നിങ്ങൾക്കും സംസാരിക്കാമല്ലോ. മന്ത്രി പറയാനുള്ളത് പറഞ്ഞു കഴിയട്ടെ.

.........(ബഹളം).......... നോ...നോ.. മിനിസ്റ്റർക്ക് പറയാനുള്ളത് മിനിസ്റ്റർക്ക് പറയണം.

ശ്രീ. അനൂപ് ജേക്കബ്: അതുപോലെ വളരെ കർശനമായ രീതിയിൽ പരിശോധനകൾ നടക്കുന്നുണ്ട്. പരിശോധനകൾ ഒരു നേർച്ചക്കായിട്ടല്ല നടത്തുന്നത്. പരിശോധനകൾ നടത്തി കുറ്റക്കാരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാനുള്ള സാഹചര്യം ഈ ഗവൺമെന്റ് ഒരുക്കി. കരിഞ്ചന്തയിലേക്ക് പോകുന്ന ഭക്ഷ്യധാന്യങ്ങൾക്ക് തടയിടുവാനുള്ള കൃത്യമായ ഇടപെടൽ നടത്തി. പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചുള്ള പരിശോധനകൾ നടത്തി. കരിഞ്ചന്തയിലേക്ക് ഒഴുകിയ റേഷനരി പിടിച്ചെടുത്തു. അത് പത്രങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഇത് കഴിഞ്ഞ രണ്ട് വർഷത്തിനിടയിലുള്ള ഒഴുക്കൊന്നുമല്ല. കാലാകാലാങ്ങളായി പോകുന്നുണ്ട്. പക്ഷെ പിടിച്ചെടുക്കാൻ കഴിയാറില്ലായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം വളരെ കൃത്യമായ നിലയിൽ പരിശോധനകൾ നടത്തുന്നു. ഇടപെടലുകൾ നടത്തുന്നു. പോലീസ് സംവിധാനംവരെ ഉപയോഗിച്ചുകൊണ്ടുള്ള പരിശോധനകൾകൊണ്ട് കരിഞ്ചന്തയിലേക്ക് ഭക്ഷ്യ സാധനങ്ങൾ ഒഴുകുന്നതിന് തടയിടുവാൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. അതിന്റെയും ഗുണകരമായ വശം വിപണിയിൽ വരുന്നുണ്ടെന്നതാണ് യാഥാർത്ഥ്യം. അരിയടക്കമുള്ള ഭക്ഷ്യധാന്യങ്ങൾക്ക് വില വർദ്ധനവുണ്ടായിട്ടില്ല. അത്തരത്തിലുള്ള സാഹചര്യത്തിൽ.........(ബഹളം).......... ഇതുപോലുള്ള ചർച്ചകൾ വരുമ്പോൾ.........(ബഹളം)..........അത് തെറ്റായ സന്ദേശം സമൂഹത്തിന് കൊടുക്കും. ജയ അരിയുടെ വിലയിൽ രണ്ട് രൂപയുടേയോ മൂന്ന് രൂപയുടേയോ വില വർദ്ധിച്ചിട്ടുണ്ട്. ബാക്കിയുള്ള അരികളുടെ വില നിയന്ത്രണ വിധേയമായി നിൽക്കുന്നു. .........(ബഹളം).......... പച്ചക്കറികളുടെ വില കുറഞ്ഞു നിൽക്കുന്ന സാഹചര്യ

മാണുള്ളത്.........(ബഹളം)..................(ബഹളം).......... അതുകൊണ്ട് തന്നെ ഈ വിഷയത്തിൽ ഗവൺമെന്റ് വളരെ കൃത്യമായ ഇടപെടലുകൾ നടത്തുന്നുണ്ട്. ......(ബഹളം)..........

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട വകുപ്പുമന്ത്രി കേരള നിയമസഭയിൽ മൂന്നേകാൽ കോടി ജനങ്ങളുടെ നിത്യജീവിതത്തെ കാണാതെ ഏതോ സ്വപ്നലോകത്തു നിന്നുകൊണ്ടാണ് ഇതത്രയും പറഞ്ഞത്. ഇത് നിർഭാഗ്യകരമാണ്, ഇങ്ങനെയുള്ള ആളുകളെ തിരുത്താൻ അനുഭവസമ്പന്ന രായ മന്ത്രിമാർ ശ്രമിക്കണം. ഇന്ത്യൻ പ്രധാനമന്ത്രി, അഞ്ച് സംസ്ഥാനങ്ങ ളിലെ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ തെരഞ്ഞെടുപ്പ് പരാജയത്തിന്റെ പ്രധാന പ്പെട്ട കാരണം പാചക വാതകത്തിന്റെ വിലവർദ്ധനവും നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റവും കൊണ്ട് രോഷാകുലരായ ജനങ്ങൾ നട ത്തിയ വിധിയെഴുത്താണ്. അതല്ലാതെ കോൺഗ്രസ്സിനെതിരല്ല എന്ന് പറ ഞ്ഞാണ് അദ്ദേഹം തെരഞ്ഞെടുപ്പിനെ വിലയിരുത്തിയത്. നിങ്ങളുടെ പ്രിയ പ്പെട്ട മന്ത്രിയെ അതൊന്ന് പഠിപ്പിച്ച് കൊടുക്കണം. പ്രധാനമന്ത്രിക്ക് അംഗീകരിക്കാം. വിലക്കയറ്റം എന്നത് യാഥാർത്ഥ്യമല്ലേ? നിയമസഭയിലെ ഒരു ഭരണാധികാരി ഇല്ല എന്ന് പറഞ്ഞാൽ എന്താണ് അതിന്റെ അർത്ഥം. കഴിഞ്ഞ തവണ അടിയന്തര പ്രമേയം അവതരിപ്പിച്ചു. വിലക്കയറ്റം തടയാൻ നിങ്ങൾ ശക്തമായ നടപിയെടുക്കുമെന്ന് പറഞ്ഞു. എന്റെ കൈയിലിരി ക്കുന്നത് 27.8.2013 –ലെ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന്റെ ഉത്തരവാണ്. ഈ ഉത്തരവിൽ കമ്പോള ഇടപെടലിനെ നിയന്ത്രിച്ചിരിക്കുകയാണ്. ഇടപെ ടാൻ പാടില്ലെന്നാണ് അവസാനത്തെ തീരുമാനം. പ്രത്യേക സർക്കാർ ഉത്ത രവ് കൂടാതെ ഹോർട്ടികോർപ്പ് വിപണിയിൽ ഇടപെടേണ്ടതില്ലെന്ന്. എങ്ങനെ

യാണ് നിങ്ങൾ പച്ചക്കറിയുടെ വില നിയന്ത്രിക്കുന്നത്? ഓരോ സബ്സിഡിയും നാല് തവണയായിട്ടേ കൊടുക്കൂ. നാല് തവണയും ചെലവാക്കിയതിന്റെ തുകയും കണക്കുകളും ധനകാര്യവകുപ്പിനെ ഏൽപ്പിച്ച് ബോദ്ധ്യപ്പെടുത്തിയല്ലാതെ അടുത്ത സബ്സിഡിയില്ല. ഈ ഉത്തരവിന്റെ നഗ്നമായ സത്യം കമ്പോളത്തിൽ മാർക്കറ്റ് ഇന്റർവെൻഷൻ തടയുകയാണ്.

ബഹുമാനപ്പെട്ട ഭക്ഷ്യമന്ത്രിയുടെ പിതാവ് ഈ സഭയ്ക്ക് നൽകിയ ഉറപ്പ്പാലിക്കാൻ നിങ്ങൾക്ക് കഴിയുന്നില്ല. അദ്ദേഹം എനിക്കുതന്ന മറുപടിയിൽ പതിമൂന്നിന നിത്യോപയോഗ സാധനങ്ങൾ പകുതി വിലയ്ക്ക് കിറ്റുകളിൽ വിതരണം ചെയ്യാനുള്ള സംവിധാനം സിവിൽ സപ്ലൈസ് സ്വീകരിച്ചുവെന്നാണ് പറഞ്ഞത്. ദയവു ചെയ്ത് ആ വാഗ്ദാനമെങ്കിലും നിങ്ങൾ നടപ്പാക്കണം. അച്ഛനോടുള്ള കടപ്പാട്, ജനങ്ങളോടല്ല, ഈ സഭയിൽ ഞാൻ ഉന്നയിച്ച ചോദ്യത്തിന് അദ്ദേഹമിവിടെ മറുപടി പറഞ്ഞത് എൽ.ഡി.എഫ്. –ന്റെ കാലത്ത് സുസ്ഥിരമായ വിലക്കയറ്റം തടയാൻവേണ്ടി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ള പദ്ധതി ഞാൻ പരിശോധിച്ചുകൊണ്ടിരിക്കുകയാണെന്നും അത് നടപ്പിലാക്കുമെന്നുമാണ്. അത് ഞാൻ ഇവിടെ പലപ്പോഴും പറഞ്ഞിട്ടുള്ളതാണ്. അഞ്ചുകൊല്ലം ഓരോ മാസവും ഒന്നാം തീയതി, മുളക് മുതൽ അരി വരെയുള്ള എല്ലാ സാധനങ്ങളുടെയും വിലവിവരപ്പട്ടിക പത്രത്തിൽ പരസ്യം ചെയ്തിരുന്നു. ഞാൻ ചോദിക്കട്ടെ, നിങ്ങളുടെ കൈയിൽ ഇതുപോലുള്ള രേഖകളുണ്ടോ? ഞങ്ങൾ അധികാരത്തിൽ കയറിയതു മുതൽ അധികാരം വിട്ടൊഴിയുന്നതു വരെ ഒരേ വിലയ്ക്ക് കേരളത്തിൽ അരി വിതരണം ചെയ്തു. അരിയുടെ വില കൂടിയപ്പോൾ..... ശ്രീ. കെ. പി. മോഹനന് ഇതൊന്നും മനസ്സിലാകില്ല. അദ്ദേഹത്തിന്റെ സ്ഥിതിയൊക്കെ

എനിക്കറിയാം. ദയവു ചെയ്ത്..... പാവപ്പെട്ടവരുടെ കാര്യമാണ് പറയുന്നത്. ഇന്ന് അരിയുടെ വിലയെത്ര, അരിയുടെ വില കൂടിയില്ലേ? ഞങ്ങളുടെ ഭരണകാലത്തും അരിയുടെ വില കൂടി. ഞങ്ങൾ ആന്ധ്രയിൽ നിന്നും ബംഗാളിൽ നിന്നും അരി വരുത്തി, അരിക്കട തുടങ്ങി. അന്ന്, സർക്കാരിന്റെ ജോലി അരിക്കട നടത്തുകയാണോ എന്ന് നിങ്ങൾ ഇപ്പുറത്തിരുന്ന് ആക്ഷേപിച്ചു. അന്ന് 28 രൂപയുണ്ടായിരുന്ന ഒരു കിലോ അരി ഞങ്ങൾ 12.50 രൂപയ്ക്ക് അരിക്കട വഴി വിതരണം ചെയ്തു. അരിക്കടയ്ക്ക് വേണ്ടി പ്രത്യേകം സബ്സിഡി ഞങ്ങളുടെ ധനകാര്യ മന്ത്രിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക് അനുവദിച്ചു. നിങ്ങൾ ആ ഓഡിറ്റ് എടുത്തു നോക്കിയാൽ അറിയാം, അരിക്കട നടത്തിയതിൽ സബ്സിഡി..... നിങ്ങൾ കൊടുത്തിട്ടുണ്ടോ? നിങ്ങൾ ആക്ഷേപിച്ചില്ലേ? അരിയുടെ വിലയെന്താണ്? നിങ്ങൾ എന്തു പറയുന്നു. ജയ അരിയുടെ വില ഇവിടെ പറഞ്ഞത് ശരിയല്ല. മാർക്കറ്റിൽ ജയ അരിയുടെ വില 37 രൂപയാണ്. പച്ചക്കള്ളമാണ് ഇവിടെ പറഞ്ഞത്. പച്ചരി 28 രൂപയാണ്, പഞ്ചസാര 35 രൂപയാണ്, ഒരു കോഴിമുട്ടക്ക് 6 രൂപയാണ്. എങ്ങനെ ഈ വില വന്നു? എങ്ങനെയാണ് ചായക്കടയിൽ സാധാരണയാളുകൾക്ക്....... ഈ അസംബ്ലിയിലെ കോഫീ ഹൗസിലെ ഭക്ഷണത്തിന് വില കൂട്ടിയില്ലേ? നിങ്ങൾക്ക് നിഷേധിക്കാമോ? പാൽ, പഞ്ചസാര, ഗ്യാസ്, വിറക് ഇവയുടെയെല്ലാം വില കൂടി. ഒരു ചായക്ക് 15 രൂപ, ഒരു വടയ്ക്ക് 10 രൂപ, സാധാരണ ഊണിന് 100–120 രൂപ, മസാല ദോശയ്ക്ക് 50 രൂപ, സ്പെഷ്യൽ ദോശയ്ക്ക് 80 രൂപ, നെയ് ദോശയ്ക്ക് 40 രൂപ. എങ്ങനെ ജീവിക്കാൻ സാധിക്കും? ഹോട്ടലിൽ വിലക്കയറ്റമില്ല എന്നാണോ പറയുന്നത്? നിങ്ങൾ വർദ്ധിപ്പിച്ചിട്ടില്ല എന്നാണോ പറയുന്നത്? പാവപ്പെട്ട ആളുക

ളുടെ കാര്യം ഈ സഭയിൽ ചർച്ച ചെയ്യുകയാണ്. കഴിഞ്ഞ കാലത്ത് ഇവിടെ ആക്ഷേപം വന്നപ്പോൾ ഞങ്ങൾ വേറെ കാര്യങ്ങൾ പറഞ്ഞുവെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേൾക്കാൻ പറയുകയാണ്. വിലക്കയറ്റമില്ല എന്ന് കണ്ണടച്ച് നിഷേധിച്ച് നെഗറ്റീവായ ഒരു അപ്രോച്ച് ഈ മന്ത്രിമാരും ഭരണകക്ഷിയുമെടുത്താൽ.... ക്ഷമയോടെ അവർ കേൾക്കേണ്ടേ? ഞാൻ സംസാരിക്കുമ്പോൾ എന്തിനാണ് തടസ്സം സൃഷ്ടിക്കുന്നത്. യു.പി.എ.-യുടെ ഒന്നാം ഗവൺമെന്റിന് ഞങ്ങൾ പിന്തുണ കൊടുത്തു. 62 എം.പി.-മാരുടെ രാഷ്ട്രീയ പിന്തുണ ഡോ. മൻമോഹൻ സിംഗിന് നാലരക്കൊല്ലം ഒരു കമ്മിറ്റിയിൽ പോലും ചോദിച്ചില്ല, അന്ന് നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല, കാരണം പെട്രോളിന് അന്ന് 35.71 രൂപയാണ്. ഇന്ന് പെട്രോളിന് 78.27 രൂപയാണ്. വില കൂടിയോ? അന്ന് ഡീസലിന് 22.74 രൂപയാണ്, ഇന്ന് ഡീസലിന് 58.41 രൂപയാണ്. യു.പി.എ. ഗവൺമെന്റിന് ഞങ്ങൾ പിന്തുണ കൊടുത്തപ്പോൾ പാചകവാതകത്തിന് 279.70 രൂപ, ഇന്ന് പാചകവാതകത്തിന്റെ വില **കൊച്ചിക്കാർക്ക്** 1241 രൂപ. നിങ്ങൾ പറയുന്നു വിലക്കയറ്റമില്ല എന്ന്. ഇവർ അസ്വസ്ഥത കാണിക്കുമെങ്കിലും, ഹൈക്കോടതിയുടെ നിരീക്ഷണമുണ്ട്. 2011 നവംബറിൽ ഹൈക്കോടതി ജഡ്ജിമാരായ സി.എൻ. രാമചന്ദ്രൻ നായരും പി.എസ്. ഗോപിനാഥനുമടങ്ങുന്ന ഡിവിഷൻ ബഞ്ച് ചർച്ചയിലൂടെ നിരീക്ഷിച്ചു. ഹൈക്കോടതിയുടെ നിരീക്ഷണം The people should react against the frequent price rise by the Government. ജനങ്ങൾ റിയാക്ട് ചെയ്യണം. അതിനവർക്ക് അവകാശമുണ്ട്. കൂടെക്കൂടെയുള്ള വിലക്കയറ്റത്തിന്......

ശ്രീ. കെ. ശിവദാസൻ നായർ: ......(മൈക്ക് ഓഫ്)..... ജഡ്ജിക്ക് അങ്ങനെ പറയാൻ അവകാശമില്ല.

ശ്രീ. സി. ദിവാകരൻ: അത് നിങ്ങൾ കോടതിയിൽ പോയി പറഞ്ഞാൽ മതി, ഞങ്ങളോട് പറയേണ്ട. ഞങ്ങൾ ഹൈക്കോടതിയുടെ വിധിയാണ് പറഞ്ഞത്. എ.ജി.–യോട് ചെന്ന് പറഞ്ഞാൽ മതി. നിങ്ങൾക്ക് ഇത് നിഷേധിക്കാമോ? പാമോലിൻ കേസിൽ മുഖ്യമന്ത്രിയെ പ്രതിപട്ടികയിൽ ചേർക്കണമെന്ന് പറഞ്ഞ ജഡ്ജിയെ അനാവശ്യം പറഞ്ഞ് ഓടിച്ചയാളാണ് ഗവ. ചീഫ് വിപ്പ്. അതുകൊണ്ട് ഞങ്ങളോട് ജഡ്ജിമാരുടെ കാര്യം പറയരുത്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: ......(മൈക്ക് ഓഫ്)..... ചീഫ് ജസ്റ്റിസിന്റെ കോലം കത്തിച്ചവരാണ് ഇത് പറയുന്നത്.

ശ്രീ. സി. ദിവാകരൻ: ഇനിയും കത്തിക്കും....(ബഹളം).....

മി. സ്പീക്കർ: പ്ലീസ്, പീസ്, ഇത് വിലക്കയറ്റ ചർച്ചയാണ്. ജഡ്ജിമാരെ കത്തിക്കുന്നതല്ല.

ശ്രീ. സി. ദിവാകരൻ: സർ, വിലക്കയറ്റം നിയന്ത്രിക്കാൻ ശക്തമായ നടപടിയെടുക്കാതെ ഒളിച്ചോടാൻ പോകുകയാണ്. വിലക്കയറ്റമില്ലെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറയരുത്. ആ വകുപ്പിൽ നടക്കുന്ന ലജ്ജാകരമായ കാര്യങ്ങൾ എന്നെക്കൊണ്ട് ഇവിടെ പറയിപ്പിക്കരുത്. ഞാൻ പറയില്ല. ഞാൻ ഒരു മന്ത്രിയെക്കുറിച്ചും അവരുടെ വകുപ്പിനെക്കുറിച്ചും പൊതുവായ കാര്യമല്ലാതെ മറ്റൊന്നും പറയില്ല. അഴിമതിക്കെതിരെ നിങ്ങൾ എന്ത് നടപടിയെടുത്തു? ഒരാളിനെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ? ഞങ്ങളുടെ കാലത്ത് ആറു പേരെയാണ് അറസ്റ്റ് ചെയ്തത്. നിങ്ങളുടെ ഡി.ജി.പി.–യെ ഒന്നാം പ്രതിയാക്കി. സി.ബി.ഐ. അന്വേഷണം നടത്തി. അതിന്റെ ചരിത്രമൊക്കെ ശ്രീ. അടൂർ പ്രകാശിന് അറിയാം. അഴിമതിയെല്ലാം തീർന്നോ?

നിങ്ങളല്ലേ മുരളീധരൻ ജഡ്ജിയെ കൊണ്ടുവന്നത്. നിങ്ങൾ എപ്പോഴെല്ലാം ഈ വകുപ്പ് കൈകാര്യം ചെയ്യുമോ, അന്ന് അഴിമതിയുണ്ടെന്ന് ശ്രീ. അടൂർ പ്രകാശ് തെളിയിച്ചിട്ട് പോയി. ജസ്റ്റിസ് മുരളീധരനെ കൊണ്ടുവന്നു. കമ്മീഷനെ വയ്പ്പിച്ചു. അദ്ദേഹം പറഞ്ഞത് 134 കോടി രൂപയുടെ അഴിമതി നടന്നുവെന്നാണ്. ഒരു നടപടിയും എടുത്തില്ല. എൽ.ഡി.എഫ്. അധികാരത്തിൽ വന്നു. സി.ബി.ഐ.-യെ കൊണ്ട് അന്വേഷണം നടത്തിച്ചു. എന്നിട്ടാണോ അഴിമതിയെക്കുറിച്ച് ഞങ്ങളെ പഠിപ്പിക്കുന്നത്. നിങ്ങളുടെ പങ്ക് ചെറുതല്ല, അഴിമതിക്കെതിരെ നിങ്ങൾ നടപടിയെടുത്തു. അത് അംഗീകരിച്ചു. പക്ഷേ നിങ്ങൾ വേറെയൊന്നും ചെയ്തില്ല. നടപടി എടുത്തത് മുഴുവൻ ഞങ്ങളായിരുന്നു.

ഇപ്പോൾ എന്താണ് സംഭവം. കേന്ദ്രത്തിൽ നിന്ന് അരികൊടുത്തു, ഗോതമ്പ് കൊടുത്തു. പറയുന്നതിൽ തെറ്റുണ്ടെങ്കിൽ ഞാൻ തിരുത്താം. 60,000 മെട്രിക് ടൺ ശ്രീ. കെ. വി. തോമസ് അനുവദിച്ച സ്പെഷ്യൽ ക്വാട്ട...... അദ്ദേഹം വില കൂടിയിട്ടില്ലെന്ന് പറഞ്ഞു. കേന്ദ്ര മന്ത്രി ശ്രീ. കെ. വി. തോമസ് അനുവദിച്ച റേഷൻ അരിയുടെ വില 21 രൂപയാണ്. 08 രൂപ 50 പൈസക്ക് കൊടുക്കുന്ന അരി, 2 രൂപയ്ക്ക് കൊടുക്കുന്ന അരി, 1 രൂപയ്ക്ക് കൊടുക്കുന്ന അരിയ്ക്ക് ഇപ്പോൾ 21 രൂപയാണ്. ഗോതമ്പിന്റെ വില 13 രൂപ 50 പൈസയാണ്.

<u>മി. സ്പീക്കർ</u>: യെസ്... യെസ്.....പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഇത് കത്തിപിടിക്കുന്നതാണ്, പാവപ്പെട്ടവരുടെ ജീവിതമാണ്, വേറെയൊന്നും ചർച്ച ചെയ്തില്ലെങ്കിലും ഇത് ചർച്ച ചെയ്യണം. അവർ സഹകരിക്കുകയും സ്വാഗതം ചെയ്യുകയും ചെയ്യും.

ഇതുകഴിയുമ്പോൾ ഈ സഭാനടപടികൾ നിർത്തിവച്ച് വിലക്കയറ്റത്തെക്കുറിച്ച് ചർച്ച ചെയ്യാൻ മുഖ്യമന്ത്രി സന്നദ്ധനാകും. ഞാൻ അങ്ങനെ സന്നദ്ധനായിട്ടുണ്ടെന്നുള്ള കാര്യം അദ്ദേഹത്തിനറിയാം. അദ്ദേഹത്തിന് അതിന്റെ നന്ദി ഉണ്ടാകും. കുറച്ച് സമയം കൂടി എനിക്ക് തരണം. ഞാൻ അവസാനിപ്പിക്കാം. കേന്ദ്രം അനുവദിച്ച അരിയും ഗോതമ്പും എടുക്കാത്തത് എന്തുകൊണ്ട്; എടുക്കാതിരുന്നത് ആർക്കുവേണ്ടിയാണ്; എന്തുകൊണ്ട് ഈ അരി എടുത്തില്ല; എന്തുകൊണ്ട് ഗോതമ്പ് എടുത്തില്ല? 62 ലക്ഷം എ.പി.എൽ. ആളുകൾക്ക് ഗോതമ്പ് എന്നെന്നേക്കുമായി വെട്ടികുറച്ചു. നിങ്ങൾ ഇതിനെതിരെ ഒരു ചെറുവിരലെങ്കിലും അനക്കിയോ? കേരളത്തിൽ ഞാനടക്കമുള്ള 40 ശതമാനത്തോളം ആളുകൾ പ്രമേഹ രോഗികളാണ്. ഇക്കാര്യം ഇവിടെയാരും വെളിയിൽ പറയുന്നില്ല. കേന്ദ്രമന്ത്രി ശ്രീ. കെ.വി. തോമസ് അവതരിപ്പിച്ച ബിൽ, മൂന്ന് രൂപയ്ക്ക് അരിയും, രണ്ട് രൂപയ്ക്ക് ഗോതമ്പും ലഭിക്കുമായിരുന്ന ആ ബിൽ ഇന്നുവരെയും വെളിയിൽ എടുത്തിട്ടില്ല. ആ ബിൽ നടപ്പിലാക്കണമെങ്കിൽ മൂന്ന് ലക്ഷം കോടി രൂപയുടെ സബ്സിഡി വേണ്ടിവരും. അതിന് സ്റ്റോക്ക് വേണം. അതിന്റെ ചെലവിന്റെ 30 ശതമാനം സ്റ്റേറ്റ് വഹിക്കണം. ശ്രീ. കെ.വി. തോമസിന്റെ പുതിയ ബിൽ വരുന്നതോടുകൂടി കേരളത്തിൽ ഇപ്പോൾ ഒരു കുടുംബത്തിന് 35 കിലോ വീതം ലഭിച്ചുകൊണ്ടിരുന്ന അരി 20 കിലോ ആയി കുറയും. ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്നത് 35 കിലോ അരിയാണ്. പുതിയ കണക്ക് പ്രകാരം ഒരാൾക്ക് അഞ്ച് കിലോ മാത്രമേ ലഭിക്കൂവെന്നാണ്. കേരളത്തിൽ ശരാശരി ഒരു കുടുംബത്തിൽ നാല് പേരാണുള്ളത്. വളരെ അപൂർവ്വമായാണ് അഞ്ചും ആറും പേരുള്ളത്. ഇപ്പോൾ കിട്ടികൊണ്ടിരിക്കുന്ന അരിയുടെ വിഹിതം കുറയ്ക്കുകയാണ്. എ.പി.എൽ/ ബി.

പി.എൽ. സംവിധാനം 1993–ൽ കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ ഉണ്ടാക്കിയതാണ്. പുതിയ ബില്ലിൽ എ.പി.എൽ./ബി.പി.എൽ. ഇല്ല. നഗരപരിഗണന, ഗ്രാമപരിഗ ണന ഇതെല്ലാം ആര് പരിഗണിക്കും. എ.പി.എൽ./ബി.പി.എൽ. ഇല്ലാതെ ദരിദ്ര രായ ആളുകളെ തീരുമാനിക്കാൻ സംസ്ഥാനത്തിനെ ഏൽപ്പിച്ചിരിക്കുകയാ ണ്. പക്ഷേ, ആ ബില്ലിൽ ഒരു ലക്ഷ്മണരേഖയുണ്ട്. നിലവിലുള്ള ബി.പി. എൽ. ലിസ്റ്റിലുള്ളവർക്കല്ലാതെ ഒരാളിനുപോലും കൂടുതൽ ആനുകൂല്യം കേന്ദ്രം അനുവദിക്കില്ല. ശ്രീ. കെ. ശിവദാസൻ നായർ അഭിഭാഷകനാണ്, അങ്ങ് ആ ബില്ലെടുത്ത് വായിക്കണം. കേരളത്തിന്റെ റേഷൻ എവിടെ; പുതിയ ബില്ലിലെ നിർദ്ദേശങ്ങൾ എവിടെ? കേരളത്തിലെയും ഇന്ത്യയിലെയും ജനങ്ങൾ ആവശ്യപ്പെടുന്നത് യൂണിവേഴ്സൽ റേഷനാണ്. ഇവിടെ നഗരത്തി ലുള്ള 75 ശതമാനം ആളുകൾക്ക് റേഷൻ നിഷേധിക്കുന്നു. ഗ്രാമങ്ങളിൽ 50 ശതമാനം ആളുകൾക്ക് റേഷൻ നിഷേധിക്കുന്നു. പുതിയ ബിൽ Food for all ആണ്. പഴയ ഇന്ത്യൻ പ്രസിഡന്റ് പറഞ്ഞത് എല്ലാവർക്കും ഭക്ഷണം എന്നാണ്. Food for all അതാണോ ഈ ബിൽ. ഈ ബില്ലിൽ വളരെ അപകട കരമായ വിധത്തിൽ പൊതുവിതരണ സമ്പ്രദായത്തെ കടയ്ക്കൽ കത്തിവ യ്ക്കുകയാണ്. വിലക്കയറ്റം നിയന്ത്രിക്കാൻ ഗവൺമെന്റ് എടുത്ത നടപടികൾ എന്താണെന്ന് ജനങ്ങൾക്ക് ബോദ്ധ്യപ്പെട്ടിട്ടില്ല. പച്ചക്കറിയുടെ വില എന്താണ്; മാംസത്തിന്റെ വില എന്താണ്? കുളമ്പുരോഗം വന്നപ്പോൾ ഒരു നടപടിയും സ്വീകരിക്കാത്തതിന്റെ ഫലമായിട്ടല്ലേ ശ്രീ. കെ. പി. മോഹനാ....ഇതെല്ലാം ഉണ്ടായത്. നമ്മൾ കഴിക്കുന്ന ബീഫിന്റെ വില വളരെ കുറവായിരുന്നില്ലേ. ഇപ്പോൾ ബീഫിന്റെ വില എത്രയാണ്; കോഴിയിറച്ചിയുടെ വില എത്രയാണ്; കുളമ്പുരോഗം വന്നപ്പോൾ നിയന്ത്രിക്കാത്തത് എന്തുകൊണ്ടാണ്? നിങ്ങൾക്ക്

കുളമ്പുരോഗം ബാധിച്ചിട്ടുണ്ടോ; ഈ ഗവൺമെന്റിന് കുളമ്പുരോഗം ബാധിച്ചിരിക്കുകയാണ്. വാക്സിനേഷൻ നടത്തണം. അല്ലെങ്കിൽ രാജ്യം അപകടത്തിലാകും. രാജ്യത്ത് ഭക്ഷണം ഇല്ലാതാകും.

മി. സ്പീക്കർ: ശ്രീ. സി. ദിവാകരൻ, പ്ലീസ് കൺക്ലൂഡ്....

ശ്രീ. സി. ദിവാകരൻ: സർ, ഇത് ഭക്ഷ്യപ്രശ്നമാണ്. ഈ രാജ്യത്ത് പാവപ്പെട്ട ആളുകൾക്ക് കിട്ടികൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളെല്ലാം തകരുകയാണ്. ഞാൻ  വീണ്ടും ആവർത്തിക്കുന്നില്ല. എനിക്ക് വളരെ വേദന തോന്നിയത് ഇത്രയും നിഷ്കരുണമായി, ഇത്രയും ദയാദാക്ഷിണ്യമില്ലാതെ, ഇത്രക്രൂരമായി, പൈശാചികമായി, നിങ്ങൾ ഇങ്ങനെയാണോ ചെയ്യുന്നത്. ശ്രീ. സി. എൻ. ബാലകൃഷ്ണൻ, ഈ സഭയിലെ ഏറ്റവും പ്രായം ചെന്നയാളാണ്. നല്ല പക്വതയുള്ള ആളാണ്. അദ്ദേഹത്തിന്റെ വകുപ്പിൽ അനാവശ്യമായി കടന്നുകയറി വിജിലൻസ് അന്വേഷണം നടത്തിയത് അഴിമതി ഉണ്ടായിട്ടല്ലേ, അല്ലെങ്കിൽ പറയണം. അതോടുകൂടി കൺസ്യൂമർഫെഡ് തീർന്നു. സിവിൽ സപ്ലൈസ്, ബഹുമാനപ്പെട്ട മന്ത്രി സപ്ലൈകോയിൽ 18–ാമത്തെ സെക്രട്ടറിയാണ് ഇപ്പോഴുള്ളത്. സെക്രട്ടറിമാരുടെ പേര് ഞാൻ വായിക്കട്ടെ. രണ്ട് കൊല്ലത്തിനിടയിൽ ഒരു വകുപ്പിൽ 16 സെക്രട്ടറിമാരും 16 എം.ഡി.–മാരുമാണ് വന്നിട്ടുള്ളത്. ഒരു ഡി.എസ്.ഒ. യുടെ നിയമനത്തിന്, പ്രൊമോഷന് എന്തിനു വേണ്ടിയാണ് ഈ നാടകം. വില നിയന്ത്രിക്കുന്നുണ്ടോ; സോഷ്യൽ ആഡിറ്റ് നടത്തുന്നുണ്ടോ; വിജിലൻസ് കമ്മിറ്റി ഉണ്ടോ; പോലീസ് റെയിഡ് നടത്തുന്നുണ്ടോ? റെയിഡ് നടത്തിയാൽ പൂട്ടി...........

മി. സ്പീക്കർ: ശ്രീ. സി. ദിവാകരൻ അങ്ങ് ഒരു മുതിർന്ന നേതാവാണ്. പ്ലീസ് കൺക്ലൂഡ്.

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ അവസാനിപ്പിക്കാം. വിലക്കയറ്റം ഉണ്ടാകുമ്പോൾ ഗവൺമെന്റ് ഏജൻസികൾ.... ഒന്ന്, പൊതുവിതരണം, അത് കുത്തഴിഞ്ഞു. രണ്ട്, സപ്ലൈകോയിൽ സാധനങ്ങളൊന്നും കിട്ടുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി നമുക്ക് രണ്ട് പേർക്കും കൂടി പോകാം. ഞാൻ വെറുതെ പറയുകയല്ല. രണ്ട് കൊല്ലം വെറുതെ ഞാൻ ഇവിടെ ഇരുന്നു. ഞാൻ ഒന്നും പറഞ്ഞില്ല. എനിക്കറിയാമായിരുന്നു. മൂന്ന്, കൺസ്യൂമർഫെഡ്ഡിൽ ഒന്നും ചെയ്യാൻ കഴിയുന്നില്ല. നാല്, ഹോർട്ടികോർപ്പിലൊന്നും ചെയ്യാൻ പാടില്ലായെന്ന് പറഞ്ഞിട്ടുണ്ട്. അഞ്ച്, മിൽമ അവർ ഒന്നും മിണ്ടുന്നില്ല. പാലിന്റെ വില കൂട്ടി. ആറ്, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ഒന്നും ചെയ്യുന്നില്ല. ഇതിനെയെല്ലാം കോ-ഓർഡിനേറ്റ് ചെയ്യാനുള്ള ഒരു സംവിധാനമുണ്ടെങ്കിൽ വിലക്കയറ്റം തടയാം. ഞങ്ങൾ പറയുന്നത് നിങ്ങളോട് വിരോധമുണ്ടായിട്ടല്ല. വീട്ടിലെ വീട്ടമ്മമാരുടെ നിലവിളി കേട്ടിട്ടാണ്. ശ്രീ. കെ.പി. മോഹനന് അതിനുള്ള ഒരുപാട് സാധ്യതകൾ ഉള്ളതുകൊണ്ട് വലിയ പ്രയാസം വരില്ല. പാവപ്പെട്ട ആളുകളുണ്ടല്ലോ.....

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സറ്റേഷനറിയും വകുപ്പു മന്ത്രി ശ്രീ. കെ. പി. മോഹനൻ: സർ, പറയേണ്ടത് മാത്രം പറഞ്ഞാൽ മതി.

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ പിൻവലിച്ചു. ഞാൻ സംസാരിക്കുമ്പോൾ നിങ്ങൾ അനാവശ്യമായി പറയുന്നതുകൊണ്ടാണ്. അതുകൊണ്ടാണ് ഞാൻ പിൻവലിച്ചത്. നിങ്ങൾക്ക് വേദനയുണ്ടെങ്കിൽ ഞാൻ പിൻവലിച്ചു. അതുപോലെ എന്നോടും ഈ സമീപനമുണ്ടാകണം. ഞാൻ എന്റെ കാര്യമല്ല പറയുന്നത്. അത് എന്തുകൊണ്ടാണ് നിങ്ങൾക്ക് മനസിലാകാത്തത്. എല്ലാ ജനങ്ങളേയും ബാധിക്കുന്ന എല്ലാവരുടെയും വീട്ടുകാര്യമാണ് ഞാൻ പറയു

ന്നത്. കേരളത്തിലെ മൂന്ന് കോടി ജനങ്ങളുടെ കാര്യമാണ്. അത് പറയു ബോൾ മന്ത്രിമാർ......

മി. സ്പീക്കർ: ശ്രീ. സി. ദിവാകരൻ, അങ്ങൊരു മുതിർന്ന നേതാവാണ്. പ്ലീസ് കൺക്ലൂഡ്... ഇപ്പോൾ 21 മിനിറ്റായി.

ശ്രീ. സി. ദിവാകരൻ: സഹിഷ്ണുത വേണ്ടേ ഭരണാധികാരികൾക്ക്, ഭരണക്കാർക്ക് സഹിഷ്ണുത വേണ്ടേ, ക്ഷമ വേണ്ടേ. ഞാൻ ഇനി കൂടുതൽ സംസാരിച്ചാൽ......ഞാൻ ജൂലൈ 9-ാം തീയതി സംസാരിച്ചുകൊണ്ടിരുക്കുമ്പോഴാണ് സ്പീക്കർ നിയമസഭ ഗില്ലറ്റിൻ ചെയ്തത്. അതുകൊണ്ട് ഞാൻ ഇനി കൂടുതൽ സംസാരിച്ചാൽ വീണ്ടും സ്പീക്കർ ഗില്ലറ്റിൻ ചെയ്യും ഞങ്ങളെ പുറത്താക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങ് ഈ വിഷയത്തിൽ ഇടപെടണം. അങ്ങ് വിചാരിച്ചാൽ കുറേ കാര്യങ്ങൾ ചെയ്യാൻ കഴിയും. അതുകൊണ്ട് എന്റെ വിനീതമായ അഭ്യർത്ഥന സഭ നിർത്തിവച്ച് ചർച്ചചെയ്യണം. ഞങ്ങൾ അതിന് സന്നദ്ധരായ ആളുകളാണ്. അന്ന് ഇല്ലാത്ത ഒരു വിരോധം ഇന്ന് നിങ്ങൾ കാണിക്കരുത്. നമുക്ക് ഈ വിഷയം ചർച്ച ചെയ്യാം. ചർച്ച ചെയ്യണമെന്ന് വീണ്ടും ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട സി. ദിവാകരൻ, ഇവിടെ ഒരു വ്യക്തി സംസാരിക്കുമ്പോഴും സ്പീക്കർ ഗില്ലറ്റിൻ ചെയ്തിട്ടില്ല. അങ്ങ് ഇവിടെ എന്റെ പേര് വലിച്ചിഴച്ചത് നിർഭാഗ്യകരമായിപ്പോയി.

ശ്രീ. സി. ദിവാകരൻ: ഞാൻ സംസാരിച്ചുകൊണ്ടിരുന്നപ്പോഴാണ് അനൗൺസ്മെന്റ് വന്നത്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ശ്രീ. സി. ദിവാകരനെപ്പോലെയുള്ള ഒരു

സീനിയർ നേതാവ് കഥ അറിയാതെ ഈ കാര്യങ്ങളെക്കുറിച്ച് പറഞ്ഞത് വളരെ മോശമായിപ്പോയി. ആറ് മാസമായി ഇപ്പോൾ പച്ചക്കറിക്ക് ഏറ്റവും വിലകുറഞ്ഞ സമയമാണ്. ..........(ബഹളം)........... ആറ് മാസമായി പച്ചക്കറിയുടെ വിലകുറഞ്ഞതിന്റെ രേഖ ഞാൻ മേശപ്പുറത്ത് വയ്ക്കാം. എല്ലാത്തിനും വിലകുറവാണ്. മരച്ചീനിയുടെ വില പറയാം. ഇത് പറയുമ്പോൾ നിങ്ങൾക്ക് ദേഷ്യമാണ്. ശ്രീ. സി. ദിവാകരൻ പറയുമ്പോൾ നിങ്ങൾക്ക് ദേഷ്യമുണ്ടാകില്ല...........(ബഹളം)........ മരച്ചീനി കഴിക്കുന്നവർക്കേ മരച്ചീനിയുടെ വില മനസ്സിലാകൂ. ഒരു കിലോ മരച്ചീനിക്ക് 24 രൂപയാണ്. കർഷകരിൽ നിന്നാണ് മരച്ചീനി എടുക്കുന്നത്. ഹോർട്ടികോർപ്പ് ഇടപെടുന്നില്ല എന്ന് പറയുന്നു; ഹോർട്ടികോർപ്പ് മാർക്കറ്റിൽ ഇടപെട്ടിട്ടുണ്ട്. മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി കോടിക്കണക്കിന് രൂപയാണ് ധനകാര്യ വകുപ്പുമന്ത്രി തരുന്നത്. ..........(ബഹളം)........ ഞാൻ പറയുന്നത് കേട്ടാൽ നിങ്ങൾക്ക് മനസ്സിലാകും. ഈ കാലമത്രയും പച്ചക്കറിക്ക് ഏറ്റവും കുറഞ്ഞ വിലയാണുള്ളത്. ആറ് മാസം മുതലുള്ള പച്ചക്കറിയുടെ വിലയുടെ കണക്ക് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു. ..........(ബഹളം)........

(പ്രതിപക്ഷ അംഗങ്ങൾ അവരവരുടെ സീറ്റിൽ നിന്നും ഇറങ്ങിനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു).

<u>മി. സ്പീക്കർ</u>: പ്ലീസ്....നിങ്ങൾ ചോദിച്ചതിന് മന്ത്രിക്ക് മറുപടി പറയണ്ടേ? മന്ത്രി മറുപടി പറയുകയാണ്. ഇത് ശരിയല്ല. നിങ്ങൾ മുദ്രാവാക്യം വിളിച്ചാൽ ശരിയാകില്ല.

<u>ശ്രീ. കെ. പി. മോഹനൻ:</u> സർ, പതിനാല് ജില്ലകളിലെയും ജില്ലാ സംഭരണ കേന്ദ്രങ്ങൾ കർഷകരിൽ നിന്ന് നേരിട്ട് പച്ചക്കറികൾ സംഭരിക്കു

ന്നുണ്ട്. കേരളത്തിലെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളാണ് പച്ചക്കറി. കർഷക സംഘങ്ങളായ സംഘ മൈത്രി, ഹരിത തുടങ്ങിയ സമിതികളിൽ നിന്ന് പച്ചക്കറികൾ നേരിട്ട് സംഭരിക്കുന്നു. വി.എഫ്.പി.സി.കെ. കർഷക സമിതിയിൽ നിന്ന് നേരിട്ട് സംഭരിക്കുന്നു. പോളിഹൗസ് കർഷകരിൽ നിന്നും കൂടിയ വിലയ്ക്ക് വിഷവിമുക്ത പച്ചക്കറികൾ സംഭരിക്കുന്നു. കൃഷി വകുപ്പിന്റെ കർഷക കൂട്ടായ്മയിൽ നിന്ന് വകുപ്പിന്റെ....... ....(ബഹളം)...... സർക്കാരിന്റെ നല്ല കാര്യങ്ങൾ പറയുന്നത് കേൾക്കാൻ അവർക്ക് നേരമില്ല. വട്ടവട, കാന്തല്ലൂർ ശീതകാല പച്ചക്കറികൾ വർഷങ്ങളായി ആഴ്ചയിൽ അഞ്ച് ദിവസവും സംഭരിച്ച് 30 ശതമാനം വിലക്കുറവിലാണ് ഹോർട്ടികോർപ്പ് എടുക്കുന്നത്. ...........(ബഹളം)......

മി. സ്പീക്കർ: പ്രതിപക്ഷം പറയുന്നതെല്ലാം ഭരണപക്ഷം കേൾക്കണം. ഭരണപക്ഷം പറയുന്നത് നിങ്ങൾ കേൾക്കുകയില്ല എന്ന സമീപനം ശരിയല്ല. അത് ജനാധിപത്യമല്ല.

ശ്രീ. കെ. പി. മോഹനൻ: സർ, താജ്ഹോട്ടൽ പോലുള്ള ഹോട്ടലുകളിൽ പോയി ഭക്ഷണം കഴിക്കുമ്പോഴുള്ള വിലയാണ് അവർ പറഞ്ഞത്. മാർക്കറ്റിൽ വില അല്പം കൂടുതലുണ്ട്. എന്നാൽ ഹോർട്ടി കോർപ്പ് 30 ശതമാനം ഇടപെട്ടുകൊണ്ട് വിലകുറച്ച് വിൽക്കുന്നുണ്ട്. ...........(ബഹളം)...... ഇത് മനസ്സിലാക്കാതെയാണ് അവർ പറയുന്നത്. ഇറച്ചിയുടെ വിലയെക്കുറിച്ച് ഇവിടെ പറഞ്ഞു. ഇറച്ചിക്ക് വിലയെത്ര വിലയെത്ര എന്നുമാത്രമേ പറഞ്ഞുള്ളൂ. വില എത്രയാണെന്ന് ബഹുമാനപ്പെട്ട അംഗത്തിന് അറിയില്ല. വില കുറച്ചാണ് ഇടപെട്ടുകൊണ്ട് വിൽക്കുന്നത്. .............(ബഹളം)..........

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, അനിയന്ത്രിതമായ വിലവർദ്ധനവ് ഇല്ലായെന്നാണ് ഞാൻ പറഞ്ഞത്. ഞാൻ അതിൽ ഉറച്ച് നിൽക്കുകയും ചെയ്യുന്നു. വില നിയന്ത്രണവിധേയമാക്കി നിർത്തുവാൻ ഗവൺമെന്റിന്റെ ഇടപെടൽമൂലം കഴിഞ്ഞിട്ടുണ്ട്. അത് ഭക്ഷ്യധാന്യങ്ങളുടെയോ പച്ചക്കറികളുടെയോ കാര്യത്തിലായാലും തീർച്ചയായും ഗവൺമെന്റിന്റെ സംയോജിതമായ ഇടപെടൽ അനിയന്ത്രിതമായ വില വർദ്ധനവിനെ പിടിച്ച് നിർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. അക്കാര്യം ഞാൻ പറഞ്ഞപ്പോൾ, വിലവർദ്ധനവ് ഇല്ല എന്ന നിലയിൽ ഞാൻ പറഞ്ഞു എന്നാണ് ബഹുമാനപ്പെട്ട അംഗം വ്യാഖ്യാനിച്ചത്. അനിയന്ത്രിതമായ വിലവർദ്ധനവ് ഇല്ല. ..........(ബഹളം)........... ഗവൺമെന്റിന്റെ ഇടപെടലുള്ളതുകൊണ്ട് അത് നിയന്ത്രിച്ച് നിർത്തുവാൻ ഗവൺമെന്റിന് കഴിയുന്നുണ്ട്. അദ്ദേഹം വിവിധ വിഷയങ്ങൾ ഇവിടെ ഉന്നയിക്കുകയുണ്ടായി. 13 ഇന സാധനങ്ങളിൽ അരി ഉൾപ്പെടുത്തിയത് ഈ ഗവൺമെന്റ് വന്നതിനുശേഷമാണ്. നേരത്തെ മാവേലി സ്റ്റോറുകളിൽ അരി ഉണ്ടായിരുന്നു. പക്ഷേ സബ്സിഡി ഐറ്റങ്ങളിൽ നിന്നും പുറത്തായിരുന്നു. 13 ഇന സബ്സിഡി ഐറ്റംസിൽ അരി ഉൾപ്പെടുത്തിയത് ഈ ഗവൺമെന്റ് വന്നതിനുശേഷമാണ്. അതിന്റെ ഗുണകരമായ വശമാണ് ഇന്ന് മാർക്കറ്റിൽ അരിയുടെ വില നിയന്ത്രിച്ച് നിർത്തുവാൻ കഴിയുന്നത്. അരിക്കട ഇല്ലായെന്ന് പറയുന്നത് അദ്ദേഹം ശ്രദ്ധിക്കാത്തതുകൊണ്ടാണ്. അരിക്കട വളരെ ഫലപ്രദമായി ഇപ്പോഴും മാവേലി സ്റ്റോറുകൾ കേന്ദ്രീകരിച്ച്

നടക്കുന്നുണ്ട്. കൂടുതൽ മാവേലി സ്റ്റോറുകൾ ആരംഭിക്കാനും ഈ മാവേലി സ്റ്റോറുകളിലെ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്താനും ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ..........(ബഹളം)...........സോഷ്യൽ ഓഡിറ്റിംഗിന്റെ കാര്യം അദ്ദേഹം ഇവിടെ പറഞ്ഞു. സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഇതിന് മുമ്പ് ഇല്ലാത്തതുപോലുള്ള സോഷ്യൽ മോണിറ്ററിംഗ് സിസ്റ്റം എല്ലാ മാവേലി സ്റ്റോറുകളും കേന്ദ്രീകരിച്ച് ഞങ്ങൾ കൊണ്ടുവരുന്നുണ്ട്. ഇതുപോലുള്ള ചില പരാതികൾ എനിക്കും വരാറുണ്ട്. ചില സ്റ്റോറുകളിൽ സാധനങ്ങളില്ല; ഏതെങ്കിലും ഒരു ഐറ്റം കുറവുണ്ട്; എന്നുള്ള ഫോൺ വിളികൾ എനിക്കും കിട്ടാറുണ്ട്. അത്തരത്തിലുള്ള വിഷയങ്ങളെ ഗവൺമെന്റ് ഗൗരവമായിത്തന്നെ കാണുന്നു. അതുകൊണ്ട് സോഷ്യൽ മോണിറ്ററിംഗ്, മാവേലി സ്റ്റോറുകൾ കൊണ്ടുവരാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രസിഡന്റ് കൺവീനറായി അവിടത്തെ പൊതുപ്രവർത്തകരെയും വാർഡ്മെമ്പറെയും സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സോഷ്യൽ മോണിറ്ററിംഗ് കമ്മിറ്റി എല്ലാ മാവേലി സ്റ്റോറുകളും കേന്ദ്രീകരിച്ച് തുടങ്ങുവാൻ ഈ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഇത്തരത്തിൽ വരുന്ന വിഷയങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനും അത് പരിഹരിക്കാനും ഈ സോഷ്യൽ മോണിറ്ററിംഗ് കമ്മിറ്റിക്ക് സാധിക്കുമെന്നാണ് ഞാൻ കരുതുന്നത്. ഇത് ആദ്യമായി ഞങ്ങൾ കൊണ്ടുവരികയാണ്. അതോടൊപ്പം കൂടുതൽ അരി നൽകിയിട്ട് എടുക്കുന്നില്ല എന്ന് ഇവിടെ പറഞ്ഞു. ഇവിടെ കേന്ദ്ര ഗവൺമെന്റിൽ നിന്ന് ലഭിച്ചത് ഒ.എം.എസ്.എസ്. നിരക്കിലുള്ള അരിയാണ്. 21 രൂപ നിരക്കിലാണ് ഒ.എം.എസ്.എസ്. റേറ്റ് വരുന്നത്. ആ നിരക്കിൽ

റേഷൻകടകൾ വഴി അരി കൊടുക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. അതുകൊണ്ടാണ് ആ അരി എടുക്കാൻ ഗവൺമെന്റ് തയ്യാറാകാത്തത്. ഗോതമ്പ് നിർത്തലാക്കിയെന്ന് ഇവിടെ പറഞ്ഞു. ബി.പി.എൽ. കുടുംബ ങ്ങൾക്ക് ഗോതമ്പ് ഇപ്പോഴും കൊടുക്കുന്നുണ്ട്. എ.പി.എൽ. വിഭാഗങ്ങൾ ക്കുള്ള ഗോതമ്പ് കൊടുക്കാൻ കഴിയുന്ന ഒരു സാഹചര്യമല്ല ഉള്ളത്. കാരണം കേന്ദ്ര ഗവൺമെന്റ് ഒരു സീലിംഗ്, സംസ്ഥാനത്തിന്റെ ലിഫ്റ്റിംഗിൽ വച്ചിട്ടുണ്ട്. ആ സീലിംഗിന് അകത്ത്, അതായത് 1472000 മെട്രിക് ടൺ സാധനം എടുക്കാനുള്ള സാഹചര്യമാണുള്ളത്. അതിനിടയ്ക്ക് ആ സീലിംഗ് നിർത്തേണ്ട ഒരു സാഹചര്യം വന്നു. അതുകൊണ്ടാണ് എ.പി.എൽ. വിഭാഗങ്ങളുടെ ഗോതമ്പ് ഒഴിവാക്കാൻ നിർബന്ധിതമായത്. ഗോതമ്പ് ഒഴിവാക്കിയപ്പോൾ രണ്ട് കിലോ ആട്ട എ.പി.എൽ. കാർഡ് ഹോൾഡേഴ്സിന് ഞങ്ങൾ കൊടുക്കുന്നുണ്ട്. എല്ലാ റേഷൻ കടകളിലും രണ്ട് കിലോ വീതം ആട്ട എത്തിക്കാനുള്ള സാഹചര്യങ്ങൾ ഗവൺമെന്റ് ഒരുക്കിയിട്ടുണ്ട്. അതോടൊപ്പം കേന്ദ്രഗവൺമെന്റ് 36900 മെട്രിക് ടൺ ഗോതമ്പ് സംസ്ഥാന ഗവൺമെന്റിന് നൽകിയിട്ടുണ്ട്. അത് വിട്ടെടുക്കാനുള്ള തീരുമാനം കഴിഞ്ഞ ദിവസം എടുത്തിട്ടുണ്ട്. ..........(ബഹളം)..........അതിന്റെ വില 13.50 രൂപ നിരക്കിൽ ആയിരിക്കുമെന്നുള്ള വ്യത്യാസമാണുള്ളത്. അത് എം.എസ്.പി. റേറ്റിലാണ് ഞങ്ങൾക്ക് ലഭിച്ചിട്ടുള്ളത്. ആ റേറ്റിൽത്തന്നെ ഞങ്ങൾ കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇവിടെ ഭക്ഷ്യസുരക്ഷാ നിയമം വരുമ്പോൾ ബി.പി.എൽ.-കാർ പോകും; അർഹരായവരെ ഒഴിവാക്കുന്നു എന്ന നിലയിലൊക്കെ അദ്ദേഹം വ്യാഖ്യാനിച്ചു. ഒരു കാര്യം ഞാൻ ഈ സഭയ്ക്ക് ഉറപ്പ് നൽകുന്നു. പുതുതായി വരുന്നത് പ്രയോറിറ്റി കാറ്റഗറിയാണ്.

പ്രയോറിറ്റി കാറ്റഗറിയിൽ നിന്ന് അർഹനായ ഒരു വ്യക്തിയെപ്പോലും ഞങ്ങൾ ഒഴിവാക്കുകയില്ല. അർഹരായ എല്ലാ ബി.പി.എൽ., എ.പി.എൽ. എസ്.എസ്., എ.എ.വൈ. വ്യക്തികളെയും പൂർണ്ണമായും ഈ പുതിയ പ്രയോറിറ്റി ലിസ്റ്റിൽ ഗവൺമെന്റ് കൊണ്ടുവരും. അതിനായി അഡീഷണൽ സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയെ രൂപീകരിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ ഒരു കാര്യം എനിക്ക് വളരെ കൃത്യതയോടെ പറയാൻ കഴിയും. കഴിഞ്ഞ കാലങ്ങളെക്കാൾ ഏറെ വ്യക്തവും സുതാര്യവുമായ നിലയിലാണ് സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങൾ ഇന്ന് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. ......(ബഹളം).......... അദ്ദേഹം വകുപ്പിനെ ക്കുറിച്ച് ചിലത് പറയാനുണ്ടെന്നു പറഞ്ഞു. അദ്ദേഹത്തിന് പറയാനുള്ള കാര്യങ്ങൾ അദ്ദേഹം പറയട്ടെ. കഴിഞ്ഞ കാലങ്ങളേക്കുറിച്ച് അതിലും നല്ല മറുപടി എനിക്കുണ്ട്.. അതൊന്നും പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ വളരെ കൃത്യതയോടെയും സുതാര്യതയോടെയും ഈ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങൾ പോകുന്നു. 16 സെക്രട്ടറിമാരുടെ കഥ അദ്ദേഹം തന്നെ പറഞ്ഞു, അത് അദ്ദേഹംതന്നെ വ്യക്തമാക്കേണ്ട ഒരു വിഷയവുമാണ്. ....... (ബഹളം) ......... 2010–11–ൽ ലഭിച്ച അഡ്ഹോക് അലോട്ട്മെന്റിനേക്കാൾ കൂടുതൽ ഇപ്പോൾ കിട്ടിയിട്ടുണ്ട്. കേന്ദ്രത്തിൽ നിന്ന് കൂടുതൽ അരി വിഹിതം വാങ്ങുവാനുള്ള സാധ്യതകൾ ഒരുക്കിയിട്ടുണ്ട്; അത് ലഭിക്കുന്നുണ്ട്. അതോടൊപ്പംതന്നെ അതിന്റെ വിതരണം കൃത്യമായി അറിയുവാനും കഴിയുന്നുണ്ട്. ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ ഗവൺമെന്റിന്റെ ഫലപ്രദമായ ഇടപെടൽമൂലം ഇന്ന് വിപണിയിൽ വില നിയന്ത്രണവിധേയമാക്കി നിർത്തുവാൻ സാധിക്കുന്നുണ്ട്.

സാധാരണക്കാർക്ക് അവരുടെ സേവനം ഉറപ്പുവരുത്തുവാൻ കഴിയുന്നുണ്ട്. അത്രമാത്രം ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ട് എന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതിന്റെയൊക്കെ അടിസ്ഥാനത്തിൽ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല. ......(ബഹളം).......

മി. സ്പീക്കർ: പ്ലീസ് ........ നിങ്ങൾ ദയവുചെയ്ത് അവരവരുടെ സീറ്റിൽ ഇരിക്കൂ. മുഖ്യമന്ത്രി സംസാരിക്കും.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ബഹുമാനപ്പെട്ട ശ്രീ. സി. ദിവാകരൻ കൊണ്ടുവന്ന അടിയന്തരപ്രമേയ വിഷയത്തിന്മേൽ ജനങ്ങൾക്ക് യാതൊരുവിധ ബുദ്ധിമുട്ടും ഉണ്ടാകാതിരിക്കാൻ വേണ്ടി ഗവൺമെന്റ് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട സി. ദിവാകരനോട് എനിക്കൊരു കാര്യം മാത്രമേ പറയാനുള്ളൂ. എൽ.ഡി.എഫ് –ന്റെ ഭരണകാലത്തെ ഏറ്റവും ഒടുവിലത്തെ വർഷം അതായത്, 2010 ഏപ്രിൽ 1 മുതൽ 2011 മാർച്ച് 31 വരെ ഭക്ഷ്യ സബ്സിഡിയായി മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി നൽകിയത് 76.31 കോടി രൂപയാണ്. എന്നാൽ യു. ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽവന്ന 2011–12, 2012–13, 2013–14 എന്നീ വർഷങ്ങളിൽ ഈയിനത്തിൽ യഥാക്രമം 118.35 കോടി രൂപയും 135 കോടി രൂപയും 110 കോടി രൂപയുമാണ് നൽകിയത്. ഈ ഗവൺമെന്റിന് സാമ്പ ത്തിക പരിമിതികളും ബുദ്ധിമുട്ടുകളുമുണ്ടെങ്കിലും ജനങ്ങൾക്ക് പരമാവധി ആശ്വാസം എത്തിച്ചുകൊടുക്കുന്നതിന് പരമാവധി ശ്രമിക്കുന്നുവെന്ന് പറയാൻവേണ്ടിയാണ് ഈ കണക്കുകൾ ഉന്നയിച്ചത്. വിലവർദ്ധനവിനെതിരെ

ഈ ഗവൺമെന്റ് കൈയും കെട്ടിയിരിക്കുകയല്ല ചെയ്യുന്നത്. ഈ ഗവൺമെന്റ് ഏതൊക്കെ വിധത്തിൽ മാർക്കറ്റ് ഇന്റർവെൻഷൻ നടത്താൻ സാധിക്കുമോ ആ രീതിയിലൊക്കെയുള്ള നടപടികൾ സ്വീകരിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട സി. ദിവാകരൻ വിലവർദ്ധനവിനെതിരായി ഹോർട്ടികോർപ്പ് ഒന്നും ചെയ്യുന്നില്ലെന്ന് പറഞ്ഞു. ഓപ്പൺ മാർക്കറ്റിലെ സാധനവിലയുടെ 30 ശതമാനം കുറച്ച് ഹോർട്ടികോർപ്പ് ഇന്ന് സാധനങ്ങൾ വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി ദിവാകരൻ: ഇവിടെ പച്ചക്കറികൾക്ക് വിലവർദ്ധനവില്ലെന്നാണ് അങ്ങ് പറഞ്ഞുകൊണ്ടുവരുന്നത്. പച്ചക്കറികൾക്ക് വിലവർദ്ധനവുണ്ടോ ഇല്ലയോയെന്ന് പരിശോധിക്കാൻ ബഹുമാനപ്പെട്ട മന്ത്രി കെ. പി. മോഹനനും നിയമസഭയിലെ ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള രണ്ട് എം.എൽ.എ. മാരും ചാല മാർക്കറ്റിലോ, പാളയം മാർക്കറ്റിലോ ഇപ്പോൾ പോകാൻ തയ്യാറുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, വിലവർദ്ധനവിന്റെ കാര്യമല്ല പറഞ്ഞത്. ഈ വില വർദ്ധനവിന്റെ സാഹചര്യത്തിൽ ജനങ്ങൾക്ക് ആശ്വാസമെത്തിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് ചെയ്തിട്ടുള്ള കാര്യങ്ങളെപ്പറ്റിയാണ് പറയുന്നത്. ഹോർട്ടികോർപ്പ് ....................(ബഹളം)...........

മി. സ്പീക്കർ: നിങ്ങൾ മുഖ്യമന്ത്രിയുടെ ഓരോ വാചകത്തിനും ബഹളം വച്ചാൽപ്പിന്നെ അദ്ദേഹം എങ്ങനെ സംസാരിക്കും. ........... (ബഹളം)....... ഇതൊന്നും ശരിയല്ല...... ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മറുപടി പറയണ്ടേ? രണ്ടു കൂട്ടരും പരസ്പരം പറയുന്നതുകേട്ട് അസഹിഷ്ണുത കാണിക്കേണ്ട കാര്യമില്ല. ..........പ്ലീസ്...........പ്ലീസ്............ശ്രീ. വി. എസ്. സുനിൽ

കുമാർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുകയല്ലേ; ഇത് ചോദ്യോത്തര വേളയാണോ; നിങ്ങൾ ചോദിക്കുന്നു. അവർ മറുപടി പറയുന്നു; അതല്ലല്ലോ ? .............

ശ്രീ. ഉമ്മൻ ചാണ്ടി: മാർക്കറ്റ് വിലയേക്കാൾ 30 ശതമാനം കുറച്ചാണ് ഹോർട്ടികോർപ്പ് ഇന്ന് സാധനങ്ങൾ വിതരണം ചെയ്യുന്നത്. തക്കാളിക്ക് ഓപ്പൺ മാർക്കറ്റിൽ 42 രൂപ വിലയുള്ളപ്പോൾ ഹോർട്ടികോർപ്പിലൂടെ 27 രൂപയ്ക്കും 55 രൂപ വിലയുള്ള ഉള്ളി 42 രൂപയ്ക്കുമാണ് വിൽക്കുന്നത്. അതുപോലെതന്നെ വർഷങ്ങളായി തുടരുന്നൊരു സിസ്റ്റമെന്ന നിലയിൽ ഇപ്പോഴും സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി 13 അവശ്യ സാധനങ്ങൾ വിതരണം ചെയ്യുന്നുണ്ട്. ഈ സിസ്റ്റത്തിലൂടെ 26 രൂപയ്ക്കാണ് പഞ്ചസാര കൊടുക്കുന്നത്. ഇത്തരത്തിൽ ജനങ്ങൾക്ക് അമിത ബാദ്ധ്യത ഉണ്ടാകാത്ത വിധത്തിൽ ഫലപ്രദമായി മാർക്കറ്റ് ഇന്റർവെൻഷൻ നടപ്പിലാക്കാൻ ഈ ഗവൺമെന്റ് ശ്രമിക്കും. അതിൽ എന്തെങ്കിലും പോരായ്മയുണ്ടെങ്കിൽ നിങ്ങൾക്ക് ചൂണ്ടിക്കാണിക്കാം. വിലവർദ്ധനവിനെതിരായി ഈ ഗവൺമെന്റിന് സാധ്യമായിട്ടുള്ള എല്ലാ കാര്യങ്ങളും ചെയ്യുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. സി. ദിവാകരൻ: മാർക്കറ്റ് ഇന്റർവെൻഷൻ ഫലപ്രദമായി നടക്കുന്നുണ്ടെന്നുള്ള കാര്യം സമർത്ഥിക്കാനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അങ്ങ് പറയുന്നതുപോലെ മാർക്കറ്റ് ഇന്റർവെൻഷൻ ഫലപ്രദമായി നടക്കുന്നുണ്ടെങ്കിൽ പൊതുമാർക്കറ്റിൽ സാധനങ്ങൾക്ക് ഇത്രയധികം വില വർദ്ധിക്കുന്നത് എന്തുകൊണ്ടാണ്. ഹോർട്ടികോർപ്പിൽ തക്കാളി 28 രൂപയ്ക്ക് വിൽക്കുന്നുവെന്ന് അങ്ങ് പറയുമ്പോൾ പൊതുമാർക്കറ്റിൽ

അതിന് 55 രൂപയാകുന്നത് എങ്ങനെയാണ്? പൊതുമാർക്കറ്റിൽ വലിയതോതിൽ വില വർദ്ധിക്കുകയും ഹോർട്ടികോർപ്പ് ഇത്രയും വിലകുറച്ച് വിൽക്കുകയാണ് എന്നു പറയുമ്പോൾ പൊതുമാർക്കറ്റിൽ ഇത്ര വലിയ വിലവർദ്ധനവ് ഉണ്ടാകുന്നതിന് ഗുരുതരമായ പ്രശ്നമുണ്ടെന്നല്ലേ അനുമാനിക്കേണ്ടത്. ഒന്നുകിൽ പൊതുവിതരണ മേഖലയിൽ നിന്ന് ആവശ്യത്തിന് സാധനങ്ങൾ കൊടുക്കുന്നില്ല. ഇല്ലെങ്കിൽ ഇവിടെയുള്ള ആളുകൾ അമിതമായി വില വർദ്ധിപ്പിക്കുന്നു. ഭക്ഷണ സാധനത്തിന്റെ വില ഉയർത്തുന്നു. ഭക്ഷണസാധനത്തിന്റെ വില വർദ്ധിപ്പിക്കുന്നത് നിയന്ത്രിക്കാൻ ഇവിടെ സംവിധാനം ഇല്ലാത്തതുകൊണ്ടാണോ പൊതുമാർക്കറ്റിൽ ഇങ്ങനെ അനിയന്ത്രിതമായി വില വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. മാർക്കറ്റ് ഇന്റർവെൻഷൻ ഫലപ്രദമല്ല എന്നതിന്റെ ഏറ്റവും നല്ല തെളിവല്ലേ ഇത്?

ശ്രീ. ഉമ്മൻ ചാണ്ടി: ഇത് മാർക്കറ്റ് ഇന്റർവെൻഷന്റെ പ്രശ്നമല്ല. അങ്ങ് പറഞ്ഞതുപോലെ ക്വാണ്ടിറ്റി ഒരു പ്രശ്നമാണ്. സബ്സിഡൈസ്ഡ് റേറ്റിൽ സാധനങ്ങൾ കൊടുക്കുമ്പോൾ ഒരു കുടുംബത്തിന് മിനിമം ആവശ്യമുള്ള സാധനമാണ് കൊടുക്കുന്നത്. അതിൽ കൂടുതൽ കൊടുത്താൽ നിശ്ചയമായും ഷോർട്ടേജുണ്ടാകും. അതുകൊണ്ട് ഈ ഗവൺമെന്റ് സാദ്ധ്യമായിട്ടുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. സബ്സിഡൈസ്ഡ് റേറ്റ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്നതിന്റെ ഇരട്ടിയോളം വന്നിരിക്കുകയാണ്. വിലവർദ്ധനവ് ഒരു ഘടകമാണ്. ഞാൻ സമ്മതിക്കുന്നു. പക്ഷേ ഞങ്ങൾ കൈയും കെട്ടി ഇരിക്കുകയല്ല. ചെയ്യാവുന്നത് ചെയ്യുന്നുണ്ട്. ഇനിയും പോരായ്മകളുണ്ടെന്നാണ് ഇവിടെ ചൂണ്ടിക്കാണിക്കു

ന്നതെങ്കിൽ അതിന് നിങ്ങളുടേതായ നിർദ്ദേശങ്ങൾ നൽകിയാൽ ആ രീതിയിൽ പ്രവർത്തിക്കാൻ ഈ ഗവൺമെന്റ് പരമാവധി ശ്രമിക്കുന്നതാണ്.

ശ്രീ. സി. ദിവാകരൻ : പ്രത്യേക സർക്കാർ ഉത്തരവ് കൂടാതെ ഹോർട്ടികോർപ്പ് വിപണിയിൽ ഇടപെടേണ്ടതില്ല എന്ന ഉത്തരവ് ഇപ്പോൾ നിലനിൽക്കുകയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: അങ്ങനെ ഒരു ഉത്തരവ് നിലനിൽക്കുന്നില്ല.

ശ്രീ. സി. ദിവാകരൻ : സപ്ലൈകോ കാലാകാലങ്ങളായി തുടർന്നുവരുന്ന 13 ഇന അവശ്യസാധനങ്ങളുടെ വില മാർക്കറ്റ് വിലയേക്കാൾ, മാർക്കറ്റിൽ ഇഷ്ടം പോലെ വിലകയറിയാലും 20 ശതമാനം കുറഞ്ഞവിലയ്ക്ക് അല്ലെങ്കിൽ സപ്ലൈകോ Procurement cost ഇവയിൽ ഏതാണോ കുറവ് എന്ന് പരിശോധിച്ച് പുതുക്കി നിശ്ചയിക്കണം. നടക്കുന്ന കാര്യമാണോ ഇത്. കമ്പോളത്തിലെ വില നിയന്ത്രിക്കാൻ കഴിയുന്നില്ല. നിങ്ങൾ ഇവിടെ ക്യാപ്പ് ഇട്ടിരിക്കുകയാണ്. 20 ശതമാനത്തിൽ കൂടാൻ പാടില്ല, ഞങ്ങൾ ഈ ക്യാപ്പ് ഇട്ടില്ല. കമ്പോളത്തിലെ വില എത്രയാണെങ്കിലും ഞങ്ങൾ നിശ്ചയിക്കുന്ന വിലയ്ക്ക് കൊടുത്തു. ഈ ഉത്തരവിലെ വ്യവസ്ഥകൾ കമ്പോള ഇടപെടലിന് എതിരായിട്ടുള്ളതാണ്. അത് പിൻവലിക്കണം.

ശ്രീ. ഉമ്മൻ ചാണ്ടി : ഹേർട്ടികോർപ്പ് ഇടപെടരുതെന്ന ഉത്തരവ് ഇന്ന് നിലവിലില്ല. നിങ്ങളുടെ കാലത്ത് 360 ഔട്ട്ലെറ്റ് ഉണ്ടായിരുന്നുവെങ്കിൽ ഹോർട്ടികോർപ്പിന് ഇപ്പോൾ 826 ഔട്ട്ലെറ്റ് ഉണ്ട്. 30 ശതമാനം വില കുറച്ച് ഇന്ന് സാധനങ്ങൾ വിൽക്കുന്നുണ്ട്. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

മി. സ്പീക്കർ: ഗവൺമെന്റിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 27.08.2013-ൽ സിവിൽ സപ്ലൈസ് വകുപ്പ് ഇറക്കിയിട്ടുള്ള ഉത്തരവ് റദ്ദാക്കിക്കൊണ്ട് അങ്ങ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ.

ശ്രീ. ഉമ്മൻചാണ്ടി: ഹോർട്ടികോർപ്പ് അഗ്രികൾച്ചർ ഡിപ്പാർട്ടുമെന്റിന്റെ കീഴിലാണ്. മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി അഗ്രികൾച്ചർ ഡിപ്പാർട്ടുമെന്റിൽ നിന്ന് വ്യക്തമായ നിർദ്ദേശം കൊടുത്ത് 30 ശതമാനം വില കുറച്ചു. ......(ബഹളം).......30 ശതമാനം. .......(ബഹളം)..............

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ........(മൈക്ക് ഓഫ്)........... ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ ഉത്തരവ് കണ്ടിട്ടില്ലെങ്കിൽ അതിന്റെ കോപ്പി തരാം. ഭക്ഷ്യ വകുപ്പ് സെക്രട്ടറി സുമൻ ബില്ലയാണ് ഈ ഉത്തരവ് ഇറക്കിയിരിക്കുന്നത്. ഭക്ഷ്യ വകുപ്പ് സെക്രട്ടറി എന്ന നിലയിൽ സുമൻ ബില്ല മുഖ്യമന്ത്രിക്ക് മുകളിലാണോ വരുന്നത്?

ശ്രീ. ഉമ്മൻചാണ്ടി: അതിന്റെ ഒരു കോപ്പി തരിക. ഞാൻ പറയാം. ഹോർട്ടികോർപ്പ് അഗ്രികൾച്ചർ ഡിപ്പാർട്ടുമെന്റിന്റെ കീഴിലാണ്. അവരുടെ ഡയറക്ഷന്റെ അടിസ്ഥാനത്തിലാണ് 30 ശതമാനം വില കുറച്ച് വിൽക്കുന്നത്. ......(ബഹളം)....... ആ ഉത്തരവ് വായിക്കുക.

ശ്രീ. സി. ദിവാകരൻ: പ്രത്യേക സർക്കാർ ഉത്തരവ് കൂടാതെ ഹോർട്ടികോർപ്പ് വിപണിയിൽ ഇടപെടേണ്ടതില്ല. സുമൻ ബില്ല പുറപ്പെടുവിച്ച ഗവൺമെന്റ് ഉത്തരവാണ്. ഇത് ക്യാൻസൽ ചെയ്തോ ഇല്ലയോ

എന്നുള്ളതാണ് അറിയേണ്ടത്. ഈ ഉത്തരവ് ക്യാൻസൽ ചെയ്തോ? ......(ബഹളം).....(മൈക്ക് ഓഫ്)...............

ശ്രീ. ഉമ്മൻ ചാണ്ടി: ഹോർട്ടികോർപ്പ് ഇപ്പോഴും 30 ശതമാനം വില കുറച്ച് കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇന്ന് രാവിലെ ...... (ബഹളം).....

ശ്രീ. സി. ദിവാകരൻ: ...(മൈക്ക് ഓഫ്)... നിങ്ങളുടെ ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവ് സഭയിൽ ഹാജരാക്കിയപ്പോൾ ആ ഉത്തരവ് നിലവിലില്ലെന്നാണ് മുഖ്യമന്ത്രി പറയുന്നത്. അത് റദ്ദാക്കുകയെങ്കിലും ചെയ്യേണ്ടതല്ലേ?

ശ്രീ. ഉമ്മൻ ചാണ്ടി: ഞാൻ വ്യക്തമായി പറഞ്ഞു. ഞാൻ ഇന്ന് രാവിലെയും ഹോർട്ടികോർപ്പിന്റെ എം.ഡി.-യെ വിളിച്ച് വരുത്തി ചർച്ച ചെയ്തശേഷം പറയുകയാണ്, ഇന്നലെയും ഇന്ന് ഈ സമയത്തും 30 ശതമാനം വില കുറച്ച് ഹോർട്ടികോർപ്പ് സാധനങ്ങൾ കൊടുത്തുകൊണ്ടിരിക്കുകയാണ്. ഈ ഉത്തരവ്..... ....(ബഹളം)....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞങ്ങൾ ചോദിക്കുന്നത് വ്യക്തത വരുത്താനാണ്. ഭക്ഷ്യ വകുപ്പിന്റെ സെക്രട്ടറിയാണ് ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. 'പ്രത്യേക സർക്കാർ ഉത്തരവ് കൂടാതെ ഹോർട്ടികോർപ്പ് വിപണിയിൽ ഇടപെടേണ്ടതില്ല.' ഇങ്ങനെ ഒരു ഉത്തരവ് പുറപ്പെടുവിക്കാൻ ഭക്ഷ്യവകുപ്പ് സെക്രട്ടറിക്ക് എങ്ങനെ കഴിഞ്ഞു; ഭക്ഷ്യ വകുപ്പുമന്ത്രി ഉത്തരവ് കൊടുത്തിട്ടാണോ സെക്രട്ടറി ഈ ഉത്തരവ് പുറപ്പെടുവിച്ചത്; ഭക്ഷ്യവകുപ്പുമന്ത്രി അറിയാതെയാണോ ഈ ഉത്തരവ് സെക്രട്ടറി പുറപ്പെടുവിച്ചത്; സുമൻ ബില്ല എന്നുപറയുന്ന സെക്രട്ടറി ഈ ഉത്തരവ് പുറപ്പെടുവിക്കാനുള്ള

കാരണമെന്താണ്; ഇത് നിലനിൽക്കില്ലെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഈ ഉത്തരവ് ക്യാൻസൽ ചെയ്തുകൊണ്ട് ഒരു ഉത്തരവ് പുറപ്പെടുവിച്ചി ട്ടുണ്ടോ; അങ്ങനെ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ കോപ്പി ഈ സഭയ്ക്ക് മുമ്പിൽ വയ്ക്കുമോ? ഇതാണ് ഞങ്ങൾക്ക് അറിയേണ്ടത്.

ശ്രീ. ഉമ്മൻചാണ്ടി: ഇതിനെ സംബന്ധിച്ചിടത്തോളം എല്ലാം പരിശോധിച്ചശേഷം ഇന്ന് സഭ ......(ബഹളം)..... പിരിയുന്നതിനുമുമ്പ് ആ വിവരങ്ങൾ പറയാം. പക്ഷേ ഒരു കാര്യം വ്യക്തമാക്കുന്നു. ആ ഉത്തരവ് ഇപ്പോൾ നിലവിലില്ല. ഇന്നലെയും ഇന്നും ......(ബഹളം)....... ഹോർട്ടികോർപ്പ് ................ 30 ശതമാനം വില കുറച്ച് സാധനങ്ങൾ കൊടുക്കുന്നുണ്ട്. അത് യാതൊരു തടസ്സവും കൂടാതെ നടന്നുകൊണ്ടിരിക്കുകയാണ്. ഈ ഉത്തരവ് എങ്ങനെ വന്നു; ഏത് സാഹചര്യത്തിലാണ് എന്നതിനെ സംബന്ധിച്ചിട ത്തോളം ഇന്നുതന്നെ ഞാൻ അത് ഇവിടെ വിശദീകരിക്കാം. പക്ഷേ ഒരു കാര്യം ഉറപ്പിച്ച് പറയുന്നു, ഹോർട്ടികോർപ്പ് ഇന്നലെയും ഇന്നും മാർക്കറ്റിൽ ഇടപെട്ടിട്ടുണ്ട്. .......(ബഹളം)........

മി. സ്പീക്കർ: ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ......(ബഹളം)....... സഭയിൽ അറിയിക്കാമെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. ......(ബഹളം).... ഇതിന് നടപടിക്രമം വേറെയാണ്. ഇതിന് റൂളിംഗ് ഇല്ല.

ശ്രീ. സി. ദിവാകരൻ: പ്രതിപക്ഷം അതീവ ഗുരുതരമായ ഒരു പ്രശ്ന മാണ് സഭയിൽ ഉന്നയിച്ചിരിക്കുന്നത്. ഒരു സർക്കാരിന്റെ ഉത്തരവ് നില നിൽക്കുന്നുണ്ടോ ഇല്ലയോ എന്നുള്ളതാണ് ചോദ്യം.

മി. സ്പീക്കർ: അതിനിവിടെ മുഖ്യമന്ത്രി മറുപടി പറഞ്ഞല്ലോ?

ശ്രീ. സി. ദിവാകരൻ: മുഖ്യമന്ത്രി ഇല്ലെന്നും ഉണ്ടെന്നും പറയുന്നില്ല.

മി. സ്പീക്കർ: മുഖ്യമന്ത്രി പറഞ്ഞു.

ശ്രീ. സി. ദിവാകരൻ: സർക്കാർ ഉത്തരവ് നിലവിലുള്ളപ്പോൾ അതിന് വിലയില്ലെന്നാണ് അദ്ദേഹം പറയുന്നത്. അദ്ദേഹം ഇഷ്ടംപോലെ ചെയ്യുകയാണെന്നാണ് പറയുന്നത്.

മി. സ്പീക്കർ: അദ്ദേഹത്തിന് പറയാനുള്ളത് ഇന്ന് വൈകുന്നേരത്തിനകം പറയാമെന്ന് സമ്മതിച്ചിട്ടുണ്ട്. ......(ബഹളം)......

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ......

മി. സ്പീക്കർ: ഇതിൽ എന്താണ് പോയിന്റ് ഓഫ് ഓർഡർ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഭരണത്തലവൻ മുഖ്യമന്ത്രി അല്ലേ? ഭരണത്തലവനായ ഒരാൾ ഈ ഓർഡർ ഇല്ലെന്ന് പറഞ്ഞാൽ അങ്ങനെ ഓർഡർ ഇല്ലാത്തതിന്റെ ഒരു കോപ്പി ഈ സഭയുടെ മുമ്പിൽ വയ്ക്കണം. എന്നാണ് ഈ ഓർഡർ ഇല്ലാതെയായത്? മറിച്ച് ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആ ഉത്തരവിന്റെ കോപ്പി ഇപ്പോൾ കിട്ടില്ലേ മുഖ്യമന്ത്രിക്ക്.

മി. സ്പീക്കർ: ഇതിലേയ്ക്ക് വഴിതെളിച്ച സാഹചര്യം എന്താണ് എന്നുള്ളത് അന്വേഷിച്ചിട്ട് സഭ പിരിയുന്നതിനുമുമ്പ് നിങ്ങളെ അറിയിക്കാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞുകഴിഞ്ഞു. പിന്നെ മുഖ്യമന്ത്രി എന്താണ് ചെയ്യേണ്ടത്? മുഖ്യമന്ത്രി പറഞ്ഞുകഴിഞ്ഞു. അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചുകഴിഞ്ഞു. ഇനി അതിന്റെ അടുത്ത നടപടികൾ നിങ്ങൾക്ക് വിട്ടുതന്നിരിക്കുന്നു. ......(ബഹളം)...... അടിയന്തര പ്രമേയ അവതരണത്തിനുള്ള അനുമതി ഞാൻ നേരത്തെ നിഷേധിച്ചുകഴിഞ്ഞതാണ്. ......(ബഹളം).......

ശ്രീ. സി. ദിവാകരൻ: സാധാരണ ജനങ്ങളെ ബാധിക്കുന്ന ഗുരുതരമായ പ്രശ്നവുമായി ബന്ധപ്പെട്ട ഒരു ഉത്തരവാണ് ഇത്. അതാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയത്. തെറ്റുകൾ വല്ലതുമുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ

തിരുത്താമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഞങ്ങൾ ഇവിടെ കാത്തിരിക്കാം. ഇത് തിരുത്തി ഉത്തരവിറക്കിയാൽ മതി.

മി. സ്പീക്കർ: അദ്ദേഹം പറഞ്ഞത് അത് മാത്രമല്ല. ഇവിടെയുണ്ടായത് എന്താണെന്നുള്ള വിശദവിവരങ്ങൾ അന്വേഷിച്ചിട്ട് സഭ പിരിയുന്നതിനുമുമ്പ് അറിയിക്കാമെന്നാണ് അദ്ദേഹം പറഞ്ഞത്. ......(ബഹളം).....

ശ്രീ. സി. ദിവാകരൻ: ......(മൈക്ക് ഓഫ്)....... ഉത്തരവ് പിൻവലിച്ചു കൊണ്ടുള്ള ഉത്തരവിറക്കണം.

മി. സ്പീക്കർ: അതൊന്നും ഇറക്കാൻ പറ്റില്ല. .......(ബഹളം)....... പ്ലീസ്.......പ്ലീസ്.......

ശ്രീ. സി. ദിവാകരൻ: പ്രതിപക്ഷത്തിന്റെ നാവ് അടപ്പിക്കരുത്.

മി. സ്പീക്കർ: എവിടെ അടപ്പിക്കുന്നു.

ശ്രീ. സി. ദിവാകരൻ: .......(മൈക്ക് ഓഫ്).......(ബഹളം)......

മി. സ്പീക്കർ: എന്തെങ്കിലും പറയാനുള്ള എന്റെ നാവിനെയാണ് നിങ്ങൾ ശബ്ദം കൊണ്ട് അടയ്ക്കുന്നത്. എന്ത് ഭരണഘടനാ പ്രശ്നങ്ങൾ ഉണ്ടെങ്കിലും അതിന് അതിന്റേതായ വഴികളുണ്ട്. മുഖ്യമന്ത്രി അദ്ദേഹത്തിന് പറയാനുള്ളത് പറയും. ബാക്കിക്ക് മറ്റ് നടപടിക്രമങ്ങളുണ്ട്. ......(ബഹളം)...... അടിയന്തരപ്രമേയ നോട്ടീസ് ഡിസ്പോസ് ചെയ്തു. അടുത്തതിലേയ്ക്ക് പോകാം. .....(ബഹളം)..... അത് ചർച്ച ചെയ്യേണ്ട കാര്യമില്ലെന്ന് ഗവൺമെന്റ് അറിയിച്ചുകഴിഞ്ഞു. .......(ബഹളം)......

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: .....(മൈക്ക് ഓഫ്)..........

ശ്രീ. ഉമ്മൻചാണ്ടി: ഞാൻ അത് വ്യക്തമായി പറഞ്ഞുകഴിഞ്ഞു. ഇപ്പോൾ നിങ്ങൾ പറഞ്ഞ ഓർഡർ ഭക്ഷ്യവകുപ്പ് സെക്രട്ടറി ഇറക്കിയ ഓർഡറാണ്. അഗ്രികൾച്ചർ ഡിപ്പാർട്ടുമെന്റിന്റെ കീഴിലാണ് ഹോർട്ടികോർപ്പ്.

ഹോർട്ടികോർപ്പ് 30 ശതമാനം വില കുറച്ച് ......(ബഹളം)..... ഭക്ഷ്യ വകുപ്പ് സെക്രട്ടറി ഇറക്കിയ ഓർഡർ അഗ്രികൾച്ചർ ഡിപ്പാർട്ടുമെന്റിൽ നടപ്പിലാക്കിയിട്ടില്ല. 30 ശതമാനം വില കുറച്ച് ഇന്നലെയും ഇന്നും ഈ സമയത്തും ഇടപെട്ടുകൊണ്ടിരിക്കുകയാണ്. അത് മാർക്കറ്റിലുണ്ട്. യാതൊരു സംശയവുമില്ല. ഇന്ന് രാവിലെയും അവരുടെ ഉദ്യോഗസ്ഥന്മാരെ വിളിച്ചു വരുത്തി സംസാരിച്ചശേഷമാണ് ഈ കാര്യങ്ങൾ പറയുന്നത്. ഇപ്പോൾ ഭക്ഷ്യ വകുപ്പ് സെക്രട്ടറിയുടെ ഒരു ഉത്തരവ് നിങ്ങൾ എന്റെ ശ്രദ്ധയിൽപ്പെടുത്തി. അത് ഏത് സാഹചര്യത്തിലാണ് എന്നത് നോക്കാം. നിശ്ചയമായും ആ ഓർഡർ നിലനിൽക്കുകയില്ല എന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. .....(ബഹളം).......

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി വീണ്ടും ഞങ്ങളെ കുഴപ്പത്തിലാക്കുകയാണ്. ഹോർട്ടിക്കോർപ്പ് മുഖ്യമന്ത്രിയുടെ തലയ്ക്ക് മുകളിലല്ല. ഹോർട്ടിക്കോർപ്പ് ഒരു പൊതുസ്ഥാപനമാണ്. ആ സ്ഥാപനം ഗവൺമെന്റിന്റെ ഡയറക്ഷൻ അനുസരിച്ചുമാത്രമേ പ്രവർത്തി ക്കാവൂ. അതുകൊണ്ടാണ് സെക്രട്ടറി ഉത്തരവിറക്കിയത്. ഈ ഉത്തരവുണ്ടോ ഇല്ലയോ എന്നുള്ള ഒറ്റ കാര്യമേ ചോദിക്കാനുള്ളൂ. ഉത്തരവിന് ഒരു വില യുമില്ലേ; നിങ്ങൾ ഇറക്കുന്ന ഗവൺമെന്റ് ഉത്തരവിന് ഈ വിലയാണോ ഉള്ളത്? ..................(ബഹളം)...........

മി. സ്പീക്കർ: യേസ്......... യേസ്........ പ്ലീസ്......... പ്ലീസ്.........

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഭക്ഷ്യ വകുപ്പുമന്ത്രി അറിഞ്ഞി ട്ടാണോ ഭക്ഷ്യ വകുപ്പ് സെക്രട്ടറി ഈ ഉത്തരവിറക്കിയത്; ഇങ്ങനെയൊരു ഉത്തരവുണ്ടോ? .................(ബഹളം)..........

<u>മി. സ്പീക്കർ</u>: പ്ലീസ്......... പ്ലീസ്........... ഇത് ഇങ്ങനെ അനിശ്ചിതമായാൽ പറ്റില്ലല്ലോ. ഇവിടെ ഗവൺമെന്റിന് പറയാനുള്ളത് ഗവൺമെന്റിനുവേണ്ടി മുഖ്യമന്ത്രി പറഞ്ഞു. നിങ്ങൾക്ക് പറയാനുള്ളത് നിങ്ങൾ പറഞ്ഞു. തീർച്ച യായും നിങ്ങൾക്ക് അറിയാനുള്ള അധികാരമുണ്ട്, അവകാശമുണ്ട്. അത് സഭ പിരിയുന്നതിനുമുമ്പ് നിങ്ങളെ അറിയിക്കാമെന്ന് മുഖ്യമന്ത്രി പറഞ്ഞു. .................(ബഹളം)...........

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. അനൂപ് ജേക്കബ്</u>): സർ, ഇതിനെക്കുറിച്ച് മുഖ്യമന്ത്രി ഈ സഭയിൽ പറഞ്ഞു. അതിനെക്കുറിച്ച് അദ്ദേഹംതന്നെ വീണ്ടും ഈ സഭയുടെ മുമ്പാകെ ക്ലാരിഫൈ ചെയ്യുമെന്നുള്ള കാര്യവും പറഞ്ഞു. ഓണക്കാലത്ത് വിവിധ വകുപ്പുകളെ .................(ബഹളം)........... ഞാനൊന്ന് പറയട്ടേ.......... .................(ബഹളം)........... അങ്ങനെ പറഞ്ഞാൽ എങ്ങനെയാണ്? എനിക്ക് കാര്യം പറയണ്ടേ .................(ബഹളം)...........

<u>മി. സ്പീക്കർ</u>: യേസ്........ യേസ്........ പ്ലീസ്........ പ്ലീസ്......... .................(ബഹളം)........... യേസ്......... യേസ്.......... .................(ബഹളം)...........

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, പറയാൻ അനുവദിക്കണം. ................. (ബഹളം)........... ഞാനൊരു കാര്യം ക്ലാരിഫൈ ചെയ്തോട്ടേ.........(ബഹളം)......

<u>മി. സ്പീക്കർ</u>: പ്ലീസ്....... പ്ലീസ്.......... മന്ത്രിയെ ഗൺ പോയിന്റിൽ നിർത്തി ഉത്തരം പറയിപ്പിക്കാൻ സാധ്യമല്ല. .................(ബഹളം) ...........പ്ലീസ്..... പ്ലീസ്........യേസ്........ യേസ്....... അതിനുള്ള അധികാരം സ്പീക്കർക്കില്ല. .................(ബഹളം)...........

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഇത് വിവിധ വകുപ്പുകളെ .................(ബഹളം)...........

മി. സ്പീക്കർ: പ്ലീസ്....... പ്ലീസ്.......

ശ്രീ. അനൂപ് ജേക്കബ്: സർ, വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് മാർക്കറ്റ് ഇന്റർവെൻഷൻ കൃത്യമായി നടത്തുന്നതിനുള്ള തീരുമാന ങ്ങളാണ് ഗവൺമെന്റ് എടുത്തിട്ടുള്ളത്. അത് ഈ സഭയുടെ മുമ്പാകെ ഞാൻ അറിയിക്കുകയാണ്. .................(ബഹളം)...........

മി. സ്പീക്കർ: യേസ്........ യേസ്........... ............(ബഹളം)........... അടിയ ന്തര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചുകഴിഞ്ഞു. അടുത്ത അജണ്ടയിലേക്ക് കടക്കുകയാണ്. ശ്രദ്ധക്ഷണിക്കൽ........... ............(ബഹളം).......... ഇത്രയും സമയമായി. .................(ബഹളം)...........

പ്രതിപക്ഷ നേതാവ് (ശ്രീ വി. എസ്. അച്ചുതാനന്ദൻ): സർ, മുഖ്യമന്ത്രി കൂടുതലൊന്നും വിശദീകരിക്കുന്നില്ല. സഭയെ തെറ്റിദ്ധരിപ്പിക്കത്തക്ക വിധത്തി ലുള്ള ഇടപെടൽ മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായിരിക്കുന്നതുകൊണ്ട് ഞങ്ങൾ ഗവൺമെന്റിന്റെ ഈ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് വാക്കൗട്ട് ചെയ്യുകയാണ്.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. സി. ദിവാകരൻ: സർ, ഈ ഉത്തരവ് നിലവിലുണ്ടോ ഇല്ലയോയെന്നു ള്ള ഒരു കാര്യം മാത്രം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞാൽ മതി. ഈ ഉത്തരവ് നിലവിലില്ലെന്ന് അങ്ങ് പറഞ്ഞാൽ..... ഈ ഉത്തരവ് റദ്ദാക്കിക്കൊണ്ട് അല്ലെങ്കിൽ മോഡിഫൈ ചെയ്തുകൊണ്ട് ഗവൺമെന്റ് പുതിയ ജി.ഒ. നമ്പർ ഇറക്കണം. ആ നടപടി അങ്ങേയ്ക്ക് അറിയുന്നതാണ്. അങ്ങ് വിലക്കയറ്റത്തെ

തടയാൻവേണ്ടി എടുത്ത നടപടികൾ വിലവർദ്ധനവിനാണ് ഈ ഉത്തരവുമൂലം പ്രയോജനപ്പെട്ടിരിക്കുന്നത്. സഭയിൽ ഞങ്ങൾ ഒരു രേഖ ഹാജരാക്കി പറഞ്ഞിട്ടുപോലും സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ മുഖ്യമന്ത്രി സ്ഥിരമായി പറയുന്നതുപോലെ ഈ കാര്യത്തിലും അവ്യക്തമായ കാര്യമാണ് പറഞ്ഞിരിക്കുന്നത്. വകുപ്പുമന്ത്രി ഇതിന് മറുപടി പറയാമെന്ന് പറഞ്ഞ് എഴുന്നേറ്റിട്ട്...... അങ്ങ് അറിഞ്ഞിട്ടാണോ അറിയാതെയാണോ ഇറക്കിയതെന്ന ചോദ്യത്തിന് അങ്ങും മറുപടി പറയുന്നില്ല. എന്തിനാണ് ഈ ഒളിച്ചുകളി? കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ, നിയമസഭയുടെ മുമ്പിൽ ഒരു മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും ഒരു ഉത്തരവിനെക്കുറിച്ച് ഇരുട്ടിൽ തപ്പുകയല്ലേ? ഇതാണോ സിവിൽ ഭരണം. ഈ ഗവൺമെന്റ് ഉത്തരവിന് നാഥനുണ്ടോ; ഈ ബേബിയുടെ പിതാവ് ആരാണ്; മുഖ്യമന്ത്രിയാണോ; ഗവൺമെന്റാണോ; വകുപ്പുമന്ത്രിയാണോ; അതോ ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനാണോ; ഇവിടെ ഉദ്യോഗസ്ഥ ഭരണമാണോ; നിങ്ങൾ ഇവിടെ വെറുതെ ഇരിക്കുകയാണോ; എന്ത് ഭരണമാണ്? ശ്രീ. ആര്യാടൻ മുഹമ്മദിനെപ്പോലെ ഇത്രയും പരിണിതപ്രജ്ഞനായ ഒരാൾ ഇരിക്കുമ്പോൾ, പറഞ്ഞുകൊടുക്കണം. നിങ്ങളൊന്ന് കറക്ട് ചെയ്യൂ. ഈ ഉത്തരവിന്റെ നാഥൻ ആരാണ്? ഇതിന് മറുപടി പറയണം. ഇത് ജനങ്ങൾ കാണണം. ഞാൻ വകുപ്പ് കൈകാര്യം ചെയ്യുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം കൊണ്ടുവന്ന അടിയന്തര പ്രമേയം ഞാൻ അനുവദിച്ചു. ബഹുമാനപ്പെട്ട സ്പീക്കർക്ക് ഓർമ്മ കാണും. അങ്ങ് ഉപനേതാവായിരുന്നു. സഭാനടപടികൾ നിറുത്തിവച്ച് ഇല്ലാത്ത വിലക്കയറ്റമാണ് അന്ന് ചർച്ച ചെയ്തത്. ഇന്ന് രൂക്ഷമായ വിലക്കയറ്റമെന്ന് പ്രധാനമന്ത്രി അംഗീകരിച്ചിട്ടും കേരളാ നിയമസഭയിൽ ചർച്ച ചെയ്യാൻ ഈ യു.ഡി.എഫ്. ഞങ്ങളെ ഗവൺമെന്റ്

അനുവദിക്കുന്നില്ല. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. മാത്യു റ്റി. തോമസ്: സർ, കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളേയും ബാധിക്കുന്ന ഒരു പ്രശ്നമാണ് അടിയന്തര പ്രമേയ രൂപേണ ഇവിടെ അവതരിപ്പിക്കാൻ ശ്രമിച്ചത്. ആ ചർച്ചയ്ക്കിടയിൽ ഉയർന്നുവന്ന ഒരു വസ്തുത എന്റെ ബഹുമാന്യ സുഹൃത്ത് കൃഷി വകുപ്പുമന്ത്രിയുടെ വകുപ്പ് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി നിയന്ത്രിക്കുകയാണ്. അങ്ങേയ്ക്ക് ഇതിൽ പ്രതിഷേധം വേണ്ടേ? യാതൊരു കാരണവശാലും പൊതുവിപണിയിൽ ഇടപെടണ്ടെന്ന് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി ഉത്തരവിട്ടതിന്റെ അർത്ഥം എന്താണ്; ശ്രീ. കെ. പി. മോഹനൻ ഇവിടെ കൃഷി വകുപ്പുമന്ത്രിയായി പ്രവർത്തിക്കണ്ട എന്നാണോ; അങ്ങനെ വേറൊരു വകുപ്പിലെ മന്ത്രിയുടെ പ്രവർത്തനങ്ങളേയും ആ വകുപ്പിനേയും നിയന്ത്രിക്കാൻ മറ്റൊരു വകുപ്പിന് അധികാരമുണ്ടോ? ആ ഉത്തരവ് ചീഫ് സെക്രട്ടറിക്ക് മാർക്ക് ചെയ്തിരുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കീഴിലുള്ള ചീഫ് സെക്രട്ടറിക്ക് ഈ ഉത്തരവിന്റെ പകർപ്പ് കിട്ടിയിരിക്കുന്നു. കമ്പോളത്തിൽ ഇടപെടാൻ കൃഷി വകുപ്പിന്റെ ഹോർട്ടികോർപ്പുണ്ടായിരിക്കേ ആ ഹോർട്ടികോർപ്പിന്റെ ഇടപെടലിനെ നിയന്ത്രിച്ചുകൊണ്ട് ഭക്ഷ്യ സിവിൽസപ്ലൈസ് വകുപ്പ് ഉത്തരവിറക്കി അതിന്റെ കോപ്പി ചീഫ് സെക്രട്ടറിക്ക് അയച്ചതിനു ശേഷം നടപടിയില്ല. അത് നിലവിലില്ലെന്ന് പറഞ്ഞാൽ എന്ന് നിലവിൽ ഇല്ലാതായി; എങ്ങനെ നിലവിൽ ഇല്ലാതായി? ഇവിടെ ഭരണം ത്രിശങ്കുവിലാണെന്ന്

തെളിയിക്കാൻ വേറെ രേഖ വേണ്ട. വ്യത്യസ്തമായ വകുപ്പുകളും വ്യത്യസ്ത മായ മന്ത്രിമാരുമൊക്കെ അവരവരുടെ വകുപ്പുകൾ കൈകാര്യം ചെയ്യേണ്ട തിനുപകരം മറ്റ് മന്ത്രിമാരുടെ വകുപ്പുകളിൽ കയറി കൈകടത്തുന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് 27–08–2013–ലെ ഭക്ഷ്യ സിവിൽ സപ്ലൈസ് പുറത്തിറക്കിയ 276/13 എന്ന ഗവൺമെന്റ് ഉത്തരവ്. ഉത്തരവിന്റെ സാങ്കേതിക തയല്ല പ്രശ്നം. എന്തിനാണ് പൊതുകമ്പോളത്തിൽ ഇടപെടുന്നതിന് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി നിയന്ത്രിക്കുന്നത്? കഴിഞ്ഞ നാളുകളിൽ സഹകരണ വകുപ്പ് പൊതുവിപണിയിൽ ഇടപെട്ടിരുന്നു. ഇത്തവണ ത്രിവേണി സ്റ്റോറുകളിലും കൺസ്യൂമർഫെഡിന്റെ സ്റ്റോറുകളിലും മാവേലി സ്റ്റോറുകളിലും സാധനങ്ങളില്ല. പൊതുവിപണിയിൽ വില കുറഞ്ഞ് നിൽക്കു ന്നുവെന്ന് പറയുമ്പോൾ അവിടെ കുറഞ്ഞ വിലയ്ക്ക് ജനങ്ങൾക്ക് വാങ്ങാൻ സാധനങ്ങളില്ല. പൊതുവിപണിയിൽ ഫലപ്രദമായി ഇടപെടണമെങ്കിൽ സപ്ലൈകോയുടെയും കൺസ്യൂമർഫെഡിന്റെയും ഹോർട്ടികോർപ്പിന്റെയും സ്റ്റാളുകളിൽ മതിയായ ക്വാണ്ടിറ്റിയിൽ സാധനമുണ്ടാകണം, പച്ചക്കറിയുണ്ടാ കണം. അത് ഇല്ലാതിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ പിടിപ്പുകേട് ഒന്നു കൊണ്ട് മാത്രമാണ് ആ സ്ഥിതിവിശേഷം സംജാതമായത്. ഇന്ന് പൊതു വിപണിയിൽ ഫലപ്രദമായി ഇടപെടുന്ന ഒരു ഗവൺമെന്റ് സംവിധാനം ഇല്ലാതാക്കിയിരിക്കുകയാണ്. അതുതന്നെയാണ് ഇവിടുത്തെ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കാനുള്ള പ്രധാന കാരണം. ഞങ്ങൾ കയ്യും കെട്ടി നോക്കിനിൽക്കുകയല്ല എന്നാണ് മുഖ്യമന്ത്രി പറയുന്നത്. കയ്യിട്ടുവാരു കയാണെന്ന് മന്ത്രിയുടെ പാർട്ടിക്കാർതന്നെയാണ് പറയുന്നത്. ഈ കയ്യിട്ടു വാരൽ നടക്കുമ്പോൾ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കുന്നു.

ജനജീവിതം ദുസ്സഹകമാകുന്നു. ഈ പ്രശ്നം നിയമസഭയിൽ ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. എ.എ. അസീസ് : സർ, നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കുന്നതിനുകാരണം നേരത്തേ ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഭക്ഷ്യവകുപ്പുമന്ത്രിയുമെല്ലാം പറഞ്ഞത് സിവിൽ സപ്ലൈസ് വകുപ്പും മാവേലിസ്റ്റോറും നീതിസ്റ്റോറും ശബരി മാർക്കറ്റും തുടങ്ങിയ പൊതുവിതരണ ശൃംഖല വഴി വിലകുറച്ച് ഉപഭോക്താക്കൾക്ക് ഭക്ഷ്യധാന്യങ്ങൾ നൽകുന്നുവെന്നാണ്. ഭക്ഷ്യവകുപ്പുമന്ത്രി അറിയേണ്ട ഒരു കാര്യം മറ്റൊന്നുമല്ല സിവിൽസപ്ലൈസ് കോർപ്പറേഷന്റെ പൊതുവിതരണ സ്ഥാപനത്തിൽ സബ്സിഡി ഐറ്റം യഥാർത്ഥത്തിലില്ല. പതിമ്മൂന്നിന സബ്സിഡി ഐറ്റം എന്നുപറഞ്ഞ് ആദ്യദിവസം തന്നെ ഒരു സ്റ്റാൾ ആരംഭിച്ചാൽ ഏതാനും ആളുകൾ വന്ന് സാധനം വാങ്ങിക്കഴിയുമ്പോൾ പിന്നെ സബ്സിഡി ഐറ്റം ഇല്ല. അടുത്ത ആൾ വരുമ്പോൾ പിന്നെ കിട്ടുന്ന സാധനങ്ങളെല്ലാം മാർക്കറ്റിൽ കൊടുക്കേണ്ട വിലകൊടുത്ത് ഇവിടെനിന്നും വാങ്ങണം. അതിന് ഇവിടെത്തന്നെ വരണമെന്നുണ്ടോ? പൊതുമാർക്കറ്റിലെ വില കൊടുത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകളിൽ നിന്നും വാങ്ങേണ്ട കാര്യമുണ്ടോ? യഥാർത്ഥത്തിൽ സബ്സിഡി ഐറ്റം അവിടെനിന്നും ലഭിക്കുന്നുവെങ്കിൽ മാത്രമല്ലേ അവിടെ വരേണ്ട കാര്യമുള്ളു. സബ്സിഡി ഐറ്റം ഇല്ല. അതാണ് ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്. സിവിൽ സപ്ലൈസ്

കോർപ്പറേഷനിൽ ആയിരുന്നാലും പൊതുവിതരണ ഔട്ട്ലെറ്റുകളിൽ ആയിരുന്നാലും വിലകുറച്ച് നൽകുന്ന സാധനങ്ങൾക്ക് ക്വാണ്ടിറ്റി കുറവാണ്. മുഖ്യമന്ത്രി തന്നെ സമ്മതിച്ചതാണ്. വേണ്ടത്ര ക്വാണ്ടിറ്റിയില്ലാതെ വിലകുറച്ച് നൽകുന്നുവെന്ന് പറഞ്ഞിട്ട് വല്ല കാര്യവുമുണ്ടോ? പത്തുപേർക്ക് കൊടുക്കുക, വീണ്ടുംവരുന്ന അഞ്ഞൂറുപേർക്ക് കൊടുക്കാൻ സാധനമില്ലാതാകുക, മാർക്കറ്റിലെ വിലയ്ക്ക് കൊടുക്കുക. അതാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഫലമായിട്ടാണ് നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി ഉയർന്നുകൊണ്ടിരിക്കുന്നത്. ഇവിടെ ഇപ്പോൾ പ്രശ്നം സിവിൽ സപ്ലൈസ് വകുപ്പ് ഇറക്കിയ ഒരു ഉത്തരവിന് പിതൃത്വം ഇല്ല, അതിനെ ഏറ്റെടുക്കാൻ പിതാവില്ലാത്ത ഒരു സ്ഥിതിയാണ്. ഇനിയും ആ പിതാവിനെ കണ്ടുപിടിക്കാനുള്ള സമയം വേണമെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. കണ്ടുപിടിക്കട്ടെ. ഏതായിരുന്നാലും അത്തരത്തിൽ വളരെ മോശപ്പെട്ട, വളരെ ലജ്ജാകരമായിട്ടുള്ള ഒരു സംഭവമാണ് ഇവിടെ അരങ്ങേറിയത്. ഇത് ചർച്ച ചെയ്യാൻ കൂട്ടാക്കാത്ത ഗവൺമെന്റ് നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. എ. അസീസും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭയിൽ നിന്നും ഇറങ്ങിപ്പോയി)

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, ഇന്ന് ഇവിടെ വളരെ നിർഭാഗ്യകരമായ ഒരു സ്ഥിതിവിശേഷമാണ് ഉണ്ടായിട്ടുള്ളത്. ഭക്ഷ്യസിവിൽ സപ്ലൈസ് വകുപ്പ് മാർക്കറ്റിൽ ഇടപെടാനുള്ള വകുപ്പാണ്. ആ വകുപ്പ് മാർക്കറ്റിൽ ഇടപെടാൻ പാടില്ല എന്നു പറയേണ്ട ഒരു വകുപ്പല്ല. അങ്ങനെ ഒരു ഉത്തരവ് ഇറക്കിയ

തിന്റെ പേരിൽ ഈ സഭയിൽ ഭക്ഷ്യവകുപ്പുമന്ത്രി പൊതുമാപ്പ് പറയുമെന്നായിരുന്നു ഞാൻ പ്രതീക്ഷിച്ചത്. മാർക്കറ്റിൽ ഇടപെടേണ്ടതില്ല എന്നൊരു വാചകം അങ്ങയുടെ ഭാഗത്തുനിന്ന് എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ അങ്ങ് ഈ സഭയോട് മാപ്പുപറയണം. അങ്ങനെ മാപ്പുപറയാതെ പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തര പ്രമേയം അടിസ്ഥാനരഹിതമാണെന്നും ഇവിടെ അങ്ങനെ ഒരു സ്ഥിതിവിശേഷമില്ലെന്നും വിലക്കയറ്റമില്ലെന്നും ഭാവിച്ചു കൊണ്ട് അദ്ദേഹം പറഞ്ഞത് കൺസ്യൂമർ സംസ്ഥാനമാണ് നമ്മുടെ സംസ്ഥാനമെന്ന് എല്ലാവരും മനസ്സിലാക്കണമെന്നാണ്. അത് മനസ്സിലാക്കാത്ത ഒരൊറ്റ വ്യക്തി ഭക്ഷ്യ വകുപ്പുമന്ത്രിയാണെന്നു പറയേണ്ടിവന്നതിൽ എനിക്ക് ഖേദമുണ്ട്. അത് മനസ്സിലാക്കിയതുകൊണ്ടാണ് കേരളം കഴിഞ്ഞ എത്രയോ കാലമായി പൊതുമാർക്കറ്റിൽ ഇടപെടുന്നതിനുവേണ്ടി സിവിൽ സപ്ലൈസ് കോർപ്പറേഷൻ പോലുള്ള ഏർപ്പാടുകൾ ഉണ്ടാക്കിയിട്ടുള്ളത്. മുൻകാലഘട്ടങ്ങളിൽ മാർക്കറ്റിൽ ഇടപെട്ടതിന്റെ ഫലമായി പൊതുമാർക്കറ്റിൽ വിലക്കുറവുണ്ടായിട്ടുണ്ടായിരുന്നു. പക്ഷേ ഇപ്പോൾ മാർക്കറ്റിൽ ഇടപെടുന്നുവെന്ന് അവകാശപ്പെടുകയും പൊതുമാർക്കറ്റിൽ വില വർദ്ധിക്കുകയും ചെയ്യുന്ന വിരോധാഭാസം എങ്ങനെയുണ്ടായി എന്ന് പരിശോധിക്കാനുള്ള ക്ഷമപോലും അതിനുള്ള സന്മനസ്സുപോലും മന്ത്രിയുടെ ഭാഗത്തുനിന്നോ  ഗവൺമെന്റിന്റെ ഭാഗത്തുനിന്നോ ഉണ്ടായിട്ടില്ല. അത്തരം ഒരു പ്രശ്നം ചർച്ച ചെയ്യാൻ ഗവൺമെന്റ് വിസമ്മതിച്ചത് ദൗർഭാഗ്യകരമാണ്, ജനങ്ങളോടുള്ള വെല്ലുവിളിയാണ്. ആ സമീപനത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭയിൽ നിന്നും ഇറങ്ങിപ്പോയി.)

(സഭയിൽ നിന്നും പുറത്തുപോയ പ്രതിപക്ഷ അംഗങ്ങൾ അല്പ സമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി.)

മി. സ്പീക്കർ: ശ്രദ്ധക്ഷണിക്കലിലേക്കും സബ്മിഷനിലേക്കും പോകുന്നതിനുമുമ്പ് ഒരു കാര്യം അഭ്യർത്ഥിക്കാനുണ്ട്. നാളെമുതൽ സഭയില്ല. എല്ലാവരും മടങ്ങുന്ന ദിവസമായതുകൊണ്ട് വളരെ നേരത്തേ പലരും പോകും. അതേസമയം അർഹതപ്പെട്ട സമയമെടുക്കാം. ശ്രദ്ധക്ഷണിക്കലിന് എത്രയാണ് സമയം എന്നറിയാം. പ്രസംഗം പോലെ അത് സാധ്യമല്ല. അതുകൊണ്ട് കാര്യങ്ങളിലേക്ക് വരിക. ബഹുമാനപ്പെട്ട മന്ത്രിമാരും മറുപടി ചുരുക്കിപ്പറയുക. ഇന്ന് ഇരുപത് സബ്മിഷനുണ്ട്. അതുകൊണ്ട് സബ്മിഷൻ അവതരിപ്പിക്കുന്ന ബഹുമാനപ്പെട്ട അംഗം ആ വിഷയം ഒറ്റ വാചകത്തിൽ പറയണം. മന്ത്രിമാർ ദയവുചെയ്ത് മറുപടി ചുരുക്കിപ്പറയുക.

(ശ്രദ്ധക്ഷണിക്കൽ)